VOL NO: 06 I ISSUE 32
www.nerpatham.com
mail@nerpatham.com
2022 AUGUST 06 I ₹10

# നേർപഥം

വാരിക

## സ്വാതന്ത്ര്യദിന ചിന്തകൾ

പെരുമാറ്റച്ചട്ടങ്ങളുടെ പെരുമഴപ്പെരുക്കമാണ് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ. പക്ഷേ, നിയമനിർമാതാക്കളിലും പാലകരിലും നിയമലംഘകരുടെ സാന്നിധ്യം അടിക്കടി കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു! ഭരണഘടനാ പ്രോട്ടോകോളുകൾക്കപ്പുറം സ്വഭാവ സംസ്കരണ രംഗത്തും കൃത്യമായ ദിശാബോധം പകർന്നുനൽകാത്തതുകൊണ്ടാണ് ഭരണ സിരാകേന്ദ്രങ്ങൾ വെള്ളപൂശിയ ശവക്കല്ലറകളായി മാറിക്കൊണ്ടിരിക്കുന്നത്.




# ഭരണ സിരാകേന്ദ്രങ്ങളിൽ ഉന്നത കുറ്റവാളികളോ?!

|| ബസ്സ്റ്റോപ്പിലെ 'സദാചാര ഗുണ്ടായിസം?'

|| വിശുദ്ധ ക്വുർആൻ കേവല പാരായണത്തിന് മാത്രമോ?

|| മൊബൈൽ ഫോൺ ഉപയോഗവും ഇസ്‌ലാമിക മര്യാദകളും

# പുറത്തിറങ്ങി...




WISDOM BOOKS

PUBLISHING II DISTRIBUTION

Wisdom Books I E.K.P Building I Calicut

Web: www.wisdomislam.org I Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0289

# നേർപഥം

വാരിക

2022 ആഗസ്റ്റ് 06
1444 മുഹർറം 07
പുസ്തകം 06 / ലക്കം 32






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10

## ഭരണ സിരാകേന്ദ്രങ്ങളിൽ ഉന്നത കുറ്റവാളികളോ?!

സുഫ്‌യാൻ അബ്ദുസ്സലാം





**05**
മുഖമൊഴി
സ്വാതന്ത്ര്യദിന ചിന്തകൾ

**06**
നമുക്കുചുറ്റും
ബസ്സ്റ്റോപ്പിലെ 'സദാചാര ഗുണ്ടായിസം?'
ടി.കെ അശ്റഫ്

**09**
ലേഖനം
വിശുദ്ധ ക്വുർആൻ കേവല പാരായണത്തിന് മാത്രമോ?
മിർസബ് അൽഹികമി

**16**
മധുരം ജീവിതം
ഇസ്‌ലാമിനുവേണ്ടി എഴുന്നേറ്റു നിൽക്കുക
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**18**
ചരിത്രപഥം
അവസാന നിമിഷത്തിലേക്ക്
ഹുസൈൻ സലഫി

**23**
ക്വുർആൻ ദർശനം
അഹ്ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ലേഖനം
മൊബൈൽ ഫോൺ ഉപയോഗവും ഇസ്‌ലാമിക മര്യാദകളും
അൻവർ അബൂബക്കർ

**29**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**30**
ലേഖനം
പ്രഭാഷകന്റെ പാഥേയം
ദുൽക്കർഷാൻ അലനല്ലൂർ

**34**
കവിത
എന്തു ചെയ്യാൻ !
സുലൈമാൻ പെരുമുക്ക്

# വിസ്ഡം യൂത്ത് ജില്ലാ യുവജന സമ്മേളനങ്ങൾക്ക് തുടക്കമായി

ലൈംഗികതയുടെ പൈങ്കിളി രാഗങ്ങളിൽ യുവതയുടെ വികാരങ്ങളെ തളച്ചിട്ട് നിഷ്‌ക്രിയമാക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വവും സ്വതന്ത്രവാദവും ചുവപ്പൻ വിപ്ലവധാരയും ഒരുക്കിയ കുരുക്കുകളിൽനിന്ന് ഇസ്‌ലാമിന്റ പ്രകാശജ്വാലയിലൂടെ വിമോചനത്തിന്റ വഴിത്താര വെട്ടിത്തെളിയിക്കാൻ, അരാഷ്ട്രീയത സൃഷ്ടിച്ച നിരാശാബോധത്തിൽ അലസമായ യുവധർമത്തെ ആദർശവീര്യത്താൽ തൊട്ടുണർത്തി രാഷ്ട്രസേവനത്തിന്റ മാതൃക സൃഷ്ടിക്കാൻ, ഫാഷിസ കാലത്തെ ന്യൂനപക്ഷവേട്ടയെ എണ്ണിപ്പറഞ്ഞ് ഇരയാണെന്ന ബോധ്യം നൽകി യുവാക്കളെ നിരാശരോ അക്രമോൽസുകരോ ആക്കി മാറ്റിയെടുത്ത് വിനാശത്തിന്റ ഗർത്തങ്ങളിലേക്ക് തള്ളിയെറിയാൻ അജണ്ടകൾ മെനയുന്ന അവിവേകികളുടെ തീവ്രബോധത്തിൽനിന്ന് മോചിപ്പിച്ച് വിവേകത്തിന്റെയും അവധാനതയുടേയും ചരടുകളിൽ വിചാര, ധൈഷണിക, വിജ്ഞാന വിപ്ലവം തീർക്കുന്ന യുവസമൂഹ നിർമിതിക്കായി, ഫാഷിസത്തിന്റെ ഉൻമൂലന രാഷ്ട്രീയത്തിനെതിരായി, മതനിരപേക്ഷതയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്ന യുവതലമുറയുടെ വീണ്ടെടുപ്പിനായി വിസ്ഡം യൂത്ത് ജില്ലാ സമിതികൾ 'തിരിച്ചറിവിന്റ യൗവനം' എന്ന പ്രമേയത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

മലപ്പുറം വെസ്റ്റ്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സമ്മേളനം പ്രൗഢഗംഭീരമായി സമാപിച്ചു. മലപ്പുറം വെസ്റ്റ് യുവജന സമ്മേളനത്തിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബ്ദുല്ലത്വീഫ് സുല്ലമി, താജുദ്ദീൻ സ്വലാഹി, നിഷാദ് സലഫി, മുജാഹിദ് ബാലുശ്ശേരി, ഫൈസൽ മൗലവി, ഹാരിസ് ബിൻ സലീം, ശബീബ് സ്വലാഹി, ഷാഹുൽ ഹമീദ്, ഹനീഫ തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

പാലക്കാട് ജില്ല സമ്മേളനത്തിൽ ശഫീഖ് അൽഹികമി, മുജീബ് സലഫി, ഹംസക്കുട്ടി സലഫി, റിഷാദ് അൽഹികമി, മുജീബ് കൊടുവായൂർ, സ്വലാഹുദ്ദീൻ ഇബ്നു സലീം, റഷീദ് കൊടക്കാട്ട്, അർഷദ് താനൂർ, ശിഹാബ് എടക്കര, മൂസ സ്വലാഹി, ശരീഫ് കാര, അഷ്‌കർ, ടി.കെ അഷ്‌റഫ്, താജുദ്ദീൻ സ്വലാഹി, ടി.കെ നിഷാദ് സലഫി, ത്വൽഹത്ത് സ്വലാഹി, നൗഫൽ കെ.എ എന്നിവർ സംസാരിച്ചു.

# ഒളിയജണ്ടകൾ കടത്താൻ ശ്രമിക്കുന്നത് അനുവദിക്കില്ല: ഇ.ടി മുഹമ്മദ് ബഷീർ എം. പി

കോഴിക്കോട്: സാമൂഹിക നവോത്ഥാനത്തിന് കരുത്തും നവോന്മേഷവും പകരുന്ന ചരിത്രമാണ് കേരളത്തിലെ വിദ്യാഭ്യാസ പരിഷ്‌ക്കരണ രംഗത്ത് എക്കാലത്തും ഉണ്ടായിട്ടുള്ളതെന്ന് ഇ.ടി മുഹമ്മദ് ബഷീർ എം.പി അഭിപ്രായപ്പെട്ടു. 'പാഠ്യപദ്ധതി പരിഷ്‌കരണവും സാമൂഹ്യ ബാധ്യതയും' എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ഇന്റലക്ചൽ മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാഠ്യപദ്ധതി പരിഷ്‌ക്കരണങ്ങളുടെ മറവിൽ ഒളിയജണ്ടകൾ കടത്താൻ ശ്രമിക്കുന്നത് അനുവദിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. ജെൻഡർ ഇക്വാലിറ്റിക്ക് വേണ്ടി വാദിക്കുന്നവരിൽ നിഗൂഢലക്ഷ്യങ്ങളുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും ഒരേ ബെഞ്ചിൽ ഒന്നിച്ചിരുന്നാലേ പഠനം നടത്താനാകു എന്ന് വാദിക്കുന്നത് മൗഢ്യമാണ്.

വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതിയാണ് വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ടത്. വികലവാദങ്ങൾ അടിച്ചേൽപിക്കാനും, സാംസ്‌കാരിക മേഖലയെ ജീർണമാക്കാനുമുള്ള മാർഗമായി വിദ്യാഭ്യാസ പദ്ധതികളെ ഉപയോഗപ്പെടുത്തരുത്. ദേശീയ വിദ്യാഭ്യാസ പരിഷ്‌ക്കരണം വഴി ഇന്ത്യയിലെ വിവിധ ഭാഷാ പഠനങ്ങൾക്ക് കടുത്ത അവഗണന നേരിടേണ്ടി വരുമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, വിസ്ഡം ജന: സെക്രട്ടറി ടി.കെ അശ്‌റഫ്, ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, കെ. സജ്ജാദ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ജന: സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ശമീൽ മഞ്ചേരി എന്നിവർ പ്രസംഗിച്ചു.

# സ്വാതന്ത്ര്യദിന ചിന്തകൾ

നമ്മുടെ രാജ്യം 75ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. നീണ്ടകാലത്തെ വൈദേശികാധിപത്യത്തിന്റെ പിടിയിൽനിന്ന് രാജ്യം സ്വതന്ത്രമായിട്ട് 75 വർഷം തികയുന്നു എന്നർഥം. 'ഇന്ത്യ സ്വതന്ത്രയായി' എന്ന് പറയുവാൻ എളുപ്പമാണ്. എന്നാൽ ആ സ്വാതന്ത്ര്യം എങ്ങനെ നേടി, അഥവാ നാടിനെ അടക്കിഭരിക്കുകയും ജനങ്ങളെ അടിമകളായി കാണുകയും ചെയ്ത ബ്രിട്ടീഷുകാർ രാജ്യം വിട്ടു പോകാൻ എന്തുകൊണ്ട് തയ്യാറായി എന്ന ചോദ്യത്തിന് ലഭിക്കുന്ന ഉത്തരം ഓരോ ഇന്ത്യക്കാരന്റെയും കണ്ണുകൾ നിറയിക്കുന്നതാണ്.

സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള സമരത്തിന്റെ വഴിയിൽ ഒട്ടേറെ മനുഷ്യരുടെ ജീവൻ നഷ്ടമായിട്ടുണ്ട്. കൊടിയ പീഡനങ്ങൾ അനുഭവിച്ചവരുണ്ട്. വർഷങ്ങളോളം ജയിലിലടക്കപ്പെട്ടവരുണ്ട്. നാടുകടത്തപ്പെട്ടവരുണ്ട്. ത്യാഗത്തിന്റെയും സഹനത്തിന്റെയും കഥകളുണ്ട്. വെള്ളക്കാരെ തുരത്തിയിട്ടേ അടങ്ങൂ എന്ന് തീരുമാനിച്ച മഹാന്മാരായ നേതാക്കളുടെ അശ്രാന്ത പരിശ്രമമുണ്ട്. ഇങ്ങനെ വിവരണാതീതമായ ഒട്ടേറെ കഷ്ടപ്പാടുകളുടെ ചരിത്രമാണ് ഓരോ സ്വാതന്ത്ര്യദിനവും ഓർമിപ്പിക്കുന്നത്.

സ്വാതന്ത്ര്യം നേടിയശേഷം രാജ്യം ഭരിച്ചവർ ജനങ്ങളുടെയും രാജ്യത്തിന്റെയും സർവ മേഖലകളിലുമുള്ള പുരോഗതി ലക്ഷ്യംവെച്ചാണ് പ്രവർത്തിച്ചത്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ അവർ ആവിഷ്കരിച്ചു. ജാതി, മത വേർതിരിവില്ലാതെ ഇന്ത്യയിൽ ജീവിക്കുന്ന എല്ലാ മനുഷ്യരെയും ഇന്ത്യക്കാരായി കാണാൻ അവർക്ക് സാധിച്ചു. അങ്ങനെ ഭരണകർത്താക്കളുടെയും ജനങ്ങളുടെയും ഒത്തൊരുമിച്ചുള്ള പ്രയാണം ഫലം കണ്ടു. ഇന്ത്യ അതിവേഗം മുന്നേറി. ലോകത്തിനു മുന്നിൽ ഇന്ത്യയുടെ യശസ്സുയർന്നു. പട്ടിണി മരണങ്ങൾ കുറഞ്ഞു തുടങ്ങി.

എന്നാൽ അടുത്ത കാലത്തായി ഈ യശസ്സിന് കോട്ടം തട്ടിയിരിക്കുന്നു. സാമ്പത്തികമായി രാജ്യം അധോഗതിയിലാണ്. ജനങ്ങളെ വർഗീയമായി വേർതിരിക്കുന്ന നിലപാട് ഭരണകൂടം സ്വീകരിക്കുന്നു. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കുന്നു. മതം നോക്കി പൗരത്വം നൽകാനും നിഷേധിക്കാനും ഒരുമ്പെടുന്നു. ദാരിദ്ര്യം വർധിക്കുകയാണ്. ഇന്ത്യ വികസനത്തിന്റെ പരകോടിയിൽ എന്ന് പെരുമ്പറയടിക്കുമ്പോഴും വികസനത്തിന്റെ ഇളംകാറ്റുപോലും കടന്നുചെല്ലാത്ത പ്രദേശങ്ങളിൽനിന്ന് കരളുരുക്കും വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു.

ഇന്നത്തെ (ഓഗസ്റ്റ് 2) പത്രത്തിൽ വന്ന ഒരു വാർത്ത കാണുക: "ഭോപാൽ (മധ്യപ്രദേശ്): അമ്മയുടെ മൃതദേഹം വീട്ടിലേക്കു കൊണ്ടുപോകാൻ വാഹനം ലഭിക്കാത്തതിനെത്തുടർന്ന് ബൈക്കിൽവച്ചുകെട്ടി 80 കിലോ മീറ്റർ സഞ്ചരിച്ച് മകൻ. ശാഹ്ഡോൽ മെഡിക്കൽ കോളേജിൽ വാഹനം ലഭിക്കാതെ വരികയും സ്വകാര്യ ആംബുലൻസുകൾ 5000 രൂപ ആവശ്യപ്പെടുകയും ചെയ്തതോടെയാണ് സുന്ദർ യാദവ് അമ്മയുടെ മൃതദേഹം പലകയിൽവച്ച് ബൈക്കിന്റെ പിൻസീറ്റിൽ ചേർത്തുകെട്ടി വീട്ടിലേക്ക് ഓടിച്ചുപോയത്.." സംഭവത്തിന്റെ ഫോട്ടോയും പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദേശ ഭരണാധികാരികൾ സന്ദർശനത്തിന് വരുമ്പോൾ അവർ സഞ്ചരിക്കുന്ന വഴിവക്കിലുള്ള, ദരിദ്രരും സ്വന്തമായി വീടും ശൗചാലയവുമില്ലാത്ത പതിനായിരങ്ങൾ തിങ്ങിത്താമസിക്കുന്ന ചേരികൾ അവർ കാണാതിരിക്കാൻ ലക്ഷങ്ങൾ ചെലവഴിച്ച് താൽക്കാലികമായി മറച്ചുകെട്ടുന്ന ഗതികേട് മറ്റേതു രാജ്യത്തിനാണുള്ളത്? പൊതുമേഖല സ്ഥാപനങ്ങൾ മുഴുവൻ കോർപ്പറേറ്റുകൾക്ക് തീരെഴുതിക്കൊടുക്കുകയാണ് കേന്ദ്ര സർക്കാർ. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നരുടെ പക്കലാണത്രെ 73 ശതമാനം സമ്പത്തും കുമിഞ്ഞുകൂടിക്കിടക്കുന്നത്!



# ബസ് സ്റ്റോപ്പിലെ 'സദാചാര ഗുണ്ടായിസം?'

ടി.കെ അശ്റഫ്
: 81118 07199

തിരുവനന്തപുരത്തും മണ്ണാർക്കാട് കരിമ്പയിലും വിദ്യാർഥികൾ ബസ് സ്റ്റോപ്പിൽ ഇടകലർന്നിരുന്ന് സല്ലപിച്ചതിന്റെ പേരിലുണ്ടായ പ്രതികരണങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ ഇന്ന് സജീവ ചർച്ചയാണല്ലോ. നാട്ടുകാർ പലവിധത്തിലും വിദ്യാർഥികളോട് ബസ് സ്റ്റോപ്പിലെ അഴിഞ്ഞാട്ടം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടതായാണ് റിപ്പോർട്ടുകളിൽനിന്ന് മനസിലാകുന്നത്. പോലീസിലും ഇവർ പരാതിപ്പെട്ടിരുന്നുവത്രെ. അതിലൊന്നും യാതൊരു നടപടിയും ഇല്ലാതെ വന്നപ്പോഴാണ് ഈ വൈകാരിക പ്രവൃത്തിയിലേക്ക് ഇവർ നീങ്ങിയത്. (എന്നാലും മർദനമോ പ്രകോപനമോ ആയിരുന്നില്ല വേണ്ടിയിരുന്നത്). പുതിയ തലമുറയെ വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചും മാത്രമെ കൈകാര്യം ചെയ്യാൻ പാടുള്ളൂ.

'സദാചാരഗുണ്ടായിസം' എന്ന് പേരിട്ട് ഇത്തരം സംഭവങ്ങളുടെ മറവിൽ ധാർമികമൂല്യങ്ങളെ പ്രതിസ്ഥാനത്തു നിറുത്താൻ കാത്തിരിക്കുന്നവർക്ക് വടി നൽകാതിരിക്കാനുള്ള ജാഗ്രതയുണ്ടാവണം.

ഈ ഘട്ടത്തിൽ ഉയരുന്ന ചില സാരമായ പ്രശ്നങ്ങളെ നാം കാണാതെ പോകരുത്. തിരുവനന്തപുരത്ത് പെൺകുട്ടികൾ ആൺകുട്ടികളുടെ മടിയിലിരുന്നാണ് പ്രതിഷേധിച്ചത്. ഈ രീതിയെ അഭിനന്ദിച്ചുകൊണ്ട് മേയർ ആര്യ രാജേന്ദ്രൻ, എംഎൽഎ ഉമാ തോമസ്,

വിവിധ വിദ്യാർഥി രാഷ്ട്രീയ നേതാക്കൾ എന്നിവരെല്ലാം നേരിട്ട് ബസ് സ്റ്റോപ്പിൽ എത്തിയതാണ് നാം പിന്നീട് കണ്ടത്. മുൻ എംഎൽഎ വി.ടി ബൽറാം ഈ കുട്ടികൾ മടിയിലിരുന്ന ഫോട്ടോ തന്റെ ഫേസ്ബുക്കിൽ പങ്കുവെച്ചുകൊണ്ട് വിദ്യാർഥികളെ അഭിനന്ദിച്ച് രംഗത്തുവന്നതും നാം കണ്ടു. പിന്നീട് ധാരാളം ഉന്നതരുടെയും സാധാരണക്കാരുടെയും ഈ ഫോട്ടോസ ഹിതമുള്ള ഫേസ്ബുക്ക് പോസ്റ്റുകൾക്ക് അഭിനന്ദന പ്രവാഹം തന്നെയുണ്ടായി. മാധ്യമങ്ങളാവട്ടെ, ജെൻഡർ ന്യൂട്രൽ എന്ന ആശയം എത്രയുംവേഗം കേരളത്തിൽ പ്രാവർത്തികമാക്കാൻ മത്സരിച്ചിറങ്ങിപ്പുറപ്പെട്ടതുപോലെയാണ് അനുഭവപ്പെടുന്നത്.

**പരസ്പരം കൂടിക്കലർന്ന് സല്ലപിക്കുകയും ചെയ്യുന്നത് കുട്ടികൾക്കും കുടുംബത്തിനും നമ്മുടെ സമൂഹത്തിനും ഗുണം ചെയ്യില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ, അവരെ പിന്തിരിപ്പൻമാരായി മുദ്രകുത്തുമോ എന്ന ഭീതി വിതയ്ക്കുന്നതിൽ ഇവരെല്ലാം ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടായിരിക്കും പുതുതലമുറയിൽ പ്രത്യക്ഷപ്പെടുന്ന അരുതായ്മകൾ തിരുത്താൻ അധികമാരും രംഗത്തുവരാത്തത്. കുറെയൊക്കെ ഇനിയുള്ള കാലം ഇങ്ങനെയൊക്കെ ആകുമെന്ന ചിന്തക്കും ചില രൊക്കെ കീഴൊതുങ്ങിക്കഴിഞ്ഞു. ലിബറൽ ചിന്താഗതി കാട്ടുതീപോലെ പടരുകയാണ്. അതിന്റെ സ്വാധീനം കാരണം ആണും പെണ്ണും ഇടകലർന്ന് ജീവിക്കുന്നതിനെ മനസ്സുകൊണ്ട് അംഗീകരിച്ചവരുടെ എണ്ണവും കൂടിവരുന്നു. ചിലരെങ്കിലും ഇതെല്ലാം ആഗ്രഹിക്കുന്നവരുമാണ്.**

വിദ്യാലയങ്ങൾ വിട്ടശേഷം കുട്ടികൾ ബോധപൂർവം ബസ് സ്റ്റോപ്പുകളിൽ തങ്ങുകയും ആൺ പെൺ വ്യത്യാസമില്ലാതെ പരസ്പരം കൂടിക്കലർന്ന് സല്ലപിക്കുകയും ചെയ്യുന്നത് കുട്ടികൾക്കും കുടുംബത്തിനും നമ്മുടെ സമൂഹത്തിനും ഗുണം ചെയ്യില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ, അവരെ പിന്തിരിപ്പൻമാരായിമുദ്രകുത്തുമോ എന്ന ഭീതി വിതയ്ക്കുന്നതിൽ ഇവരെല്ലാം ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടായിരിക്കും പുതുതലമുറയിൽ പ്രത്യക്ഷപ്പെടുന്ന അരുതായ്മകൾ തിരുത്താൻ അധികമാരും രംഗത്തുവരാത്തത്. കുറെയൊക്കെ ഇനിയുള്ള കാലം ഇങ്ങനെയൊക്കെ ആകുമെന്ന ചിന്തക്കും ചിലരൊക്കെ കീഴൊതുങ്ങിക്കഴിഞ്ഞു. ലിബറൽ ചിന്താഗതി കാട്ടുതീപോലെ പടരുകയാണ്. അതിന്റെ സ്വാധീനം കാരണം ആണും പെണ്ണും ഇടകലർന്ന് ജീവിക്കുന്നതിനെ മനസ്സുകൊണ്ട് അംഗീകരിച്ചവരുടെ എണ്ണവും കൂടിവരുന്നു. ചിലരെങ്കിലും ഇതെല്ലാം ആഗ്രഹിക്കുന്നവരുമാണ്.

എന്നാൽ ഒരു കാര്യം പറയാം, ഈ പോക്ക് നമ്മുടെ വിദ്യാലയങ്ങളെ അരാജകത്വത്തിലേക്ക് തള്ളിവിടും. കുടുംബങ്ങളെ ശിഥിലമാക്കും. നാടിനെ നശിപ്പിക്കും. ആൺ-പെൺ അകലം കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ അവരുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് സാധിക്കുമെന്നതിന് മാനവരാശിയുടെ ഇതപര്യന്തമുള്ള അനുഭവങ്ങൾ സാക്ഷിയാണ്. സ്ത്രീ-പുരുഷ വിവേചനം നിലനിന്ന ഒരു



കാലം നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നു എന്നത് ഒരു സത്യമാണ്. സതി, വിദ്യാഭ്യാസ നിഷേധം, ശൈശവവിവാഹം തുടങ്ങിയവയെല്ലാം അതിന്റെ തെളിവുകളാണ്. എന്നാൽ ഇന്ന് സ്ത്രീക്കും പുരുഷനും നീതി ഉറപ്പുവരുത്തുന്ന വിഷയത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് എല്ലാരംഗത്തും നിലനിൽക്കുന്നത്.

ആൺ-പെൺ സൗഹൃദം മാത്രമാണിതെന്നും അതിൽ ലൈംഗികതാൽപര്യം കാണുന്നവരാണ് യഥാർഥ പ്രശ്നക്കാരെന്നും ന്യായീകരിക്കുന്നത് കേവലമൊരു ന്യായീകരണം മാത്രമാണ്. ആൺ-പെൺ സ്വതം സൗഹൃദത്തിനപ്പുറം ലൈംഗികമായ വികാരങ്ങൾ ഇളക്കിവിടാൻ ഏറെ വഴിയൊരുക്കുമെന്ന് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. സ്ഥിരമായി നാം കേൾക്കുന്ന പീഡനവാർത്തകൾ മാത്രം മതി അതിന്റെ തെളിവായിട്ട്.

സൗഹൃദം അതിരുവിട്ട് എത്ര കുട്ടികളാണ് ചെറുപ്രായത്തിൽ ഗർഭിണികളാവുകയും അതിന്റെ പേരിൽ ആത്മഹത്യ ചെയ്യുകയും ചെയ്തിട്ടുള്ളത്!

'സൗഹൃദ' സമയത്ത് പകർത്തിയ ചിത്രങ്ങൾ കാണിച്ച് ബ്ലാക്ക് മെയിൽ ചെയ്യപ്പെടുന്നത്!

പ്രണയത്തിൽനിന്ന് പിന്തിരിഞ്ഞതിന്റെ പേരിൽ എത്രയെത്ര കുട്ടികളാണ് അറുകൊല ചെയ്യപ്പെട്ടിട്ടുള്ളത്, എത്ര കുടുംബങ്ങളാണ് ഇതിന്റെ പേരിൽ കണ്ണീര് കുടിച്ചത്!

സ്ത്രീ-പുരുഷ വേഷത്തിലും ഇരിപ്പിടത്തിലും വേർതിരിവ് ഒഴിവാക്കി എല്ലാം നോർമലായി കണ്ടാൽ പീഡനമുക്തമായ സമൂഹസൃഷ്ടി സാധ്യമാകുമെന്നും അതിനനുകൂലമായ വിദ്യാലയ സാഹചര്യം ഉണ്ടാക ണമെന്നുമാണ് ഇപ്പോൾ ചിലർ വാദിച്ചുകൊണ്ടിരിക്കുന്നത്.


അങ്ങനെയെങ്കിൽ, എല്ലാ അതിരുകളും തുറന്നുവെച്ച ഫിലിം ഇൻഡസ്ട്രിയിൽനിന്ന് പീഡനത്തിന്റെ പേരിലുള്ള പരാതിവരാൻ പാടില്ലല്ലോ? എത്ര 'അതിജീവിത'കളാണ് ഇപ്പോൾ സിനിമാ ഫീൽഡിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്!

ഈ പ്രശ്നത്തെ ഉപരിപ്ലവമായി മാത്രം കാണരുത്. ഇത് ഐസ്ബെർഗിന്റെ ഒരറ്റം മാത്രമാണ്. ജെൻഡർ ന്യൂട്രൽ എന്ന ആശയം കേവലം ഒരു യൂണിഫോമിൽ മാത്രം ഒതുങ്ങുന്നതല്ല. ബസ് സ്റ്റോപ്പിൽ മാത്രമല്ല; ക്ലാസിലും ഇരിപ്പിടം ഒന്നാക്കേണ്ടി വരും. ടോയ്‌ലറ്റിലും അങ്ങനെത്തന്നെ. കലോത്സവം, കായികമേള, തുടങ്ങിയവയെല്ലാം ഒന്നാക്കാൻ പോവുകയാണ്.

നമ്മുടെ മക്കളെ ജെൻഡർ ഡിസ്ഫോറിയയിലേക്ക് എടുത്തെറിയുന്ന മാരക പ്രഹരശേഷിയുള്ള സംസ്കാരണിത്. ഇതിനെ പിന്തുണക്കുന്നവർക്ക് പോലും ഇത് പാശ്ചാത്യൻ നാടുകളിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ അറിയില്ലെന്നതാണ് വസ്തുത. പാശ്ചാത്യർ ചവച്ചുതുപ്പിയത് നാം വീണ്ടും വായിലേക്ക് എടുത്തു വയ്ക്കരുത്. ഇത്രയും കാലം നാം കാത്തുസൂക്ഷിച്ച നമ്മുടെ രാജ്യത്തിന്റെ തനിമയുള്ള കുടുംബ സംസ്കാരം തന്നെ ഇനിയും തുടരട്ടെ. രക്ഷിതാക്കളും അധ്യാപകരും ഉണർന്ന് ചിന്തിക്കേണ്ട നിർണായക ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

***പിൻകുറി:*** പെൺകുട്ടികൾ ആൺകുട്ടികളുടെ മടിയിലിരുന്ന് പ്രതിഷേധിച്ചതിനെ അഭിനന്ദിച്ച് രംഗത്തുവന്നവർ തങ്ങളുടെ പെൺകുട്ടികളെ അത്തരം പ്രതിഷേധത്തിന് പറഞ്ഞയക്കുമോ?

**ഈ പ്രശ്നത്തെ ഉപരിപ്ലവമായി മാത്രം കാണരുത്. ഇത് ഐസ്ബെർഗിന്റെ ഒരറ്റം മാത്രമാണ്. ജെൻഡർ ന്യൂട്രൽ എന്ന ആശയം കേവലം ഒരു യൂണിഫോമിൽ മാത്രം ഒതുങ്ങുന്നതല്ല. ബസ് സ്റ്റോപ്പിൽ മാത്രമല്ല; ക്ലാസിലും ഇരിപ്പിടം ഒന്നാക്കേണ്ടി വരും. ടോയ്‌ലറ്റിലും അങ്ങനെത്തന്നെ. കലോത്സവം, കായികമേള, തുടങ്ങിയവയെല്ലാം ഒന്നാക്കാൻ പോവുകയാണ്. നമ്മുടെ മക്കളെ ജെൻഡർ ഡിസ്ഫോറിയയിലേക്ക് എടുത്തെറിയുന്ന മാരക പ്രഹരശേഷിയുള്ള സംസ്കാരണിത്. ഇതിനെ പിന്തുണക്കുന്നവർക്ക് പോലും ഇത് പാശ്ചാത്യൻ നാടുകളിലുണ്ടാക്കിയ പ്രത്യാ ഘാതങ്ങൾ അറിയില്ലെന്നതാണ് വസ്തുത. പാശ്ചാത്യർ ചവച്ചുതുപ്പിയത് നാം വീണ്ടും വായിലേക്ക് എടുത്തു വയ്ക്കരുത്. ഇത്രയും കാലം നാം കാത്തുസൂക്ഷിച്ച നമ്മുടെ രാജ്യത്തിന്റെ തനിമയുള്ള കുടുംബ സംസ്കാരം തന്നെ ഇനിയും തുടരട്ടെ.**



ലേഖനം

# വിശുദ്ധ ക്വുർആൻ കേവല പാരായണത്തിന് മാത്രമോ?



മിർസബ് അൽഹികമി

ഒരു വസ്തുവിന്റെ സവിശേഷതകൾ അറിയിച്ചുതരാൻ ഏറ്റവും അർഹതയുള്ളത് അതിന്റെ സൃഷ്ടിപ്പ് നടത്തിയവനാണ്. അതായത്, ഒരു സ്മാർട് ഫോൺ എടുക്കുക. അതിന്റെ പ്രത്യേകതകളും വിശേഷണങ്ങളും പറയുവാനുള്ള യോഗ്യതയും അർഹതയുമുള്ളത് അതിന് രൂപം നൽകിയ കമ്പനിക്കാണല്ലോ. ഇതിനു സമാനമാണ് ഇതര വസ്തുക്കളും കാര്യങ്ങളുമെല്ലാം.

അല്ലാഹുവിന്റെ വാക്കുകളായ ക്വുർആൻ, ക്വുർആനിനെ പല രൂപത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. അതിലെ ഒരു സൂക്തം കാണുക:

“മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)” (യൂനുസ്:57).

സർവജനങ്ങളെയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ വചനത്തിൽ ക്വുർആനിന്റെ സുപ്രധാനമായ നാല് വിശേഷണങ്ങളാണ് അടങ്ങിയിട്ടുള്ളത്.

ഒന്നാമത്തേത് ‘സദുപദേശം’ എന്നതാണ്. അതായത്, അല്ലാഹുവിന്റെ കോപത്തിന് പാത്രീഭൂതരാകാനിടയുള്ള കാര്യങ്ങളെ പറ്റിയുള്ള താക്കീതും, അവന്റെ തൃപ്തി കരഗതമാക്കാനുതകുന്ന കാര്യങ്ങളിലേക്കുള്ള പ്രേരണയുമാണ് ക്വുർആൻ.

നമ്മുടെ കേവല പാരായണത്തിനപ്പുറം അതിലെ ഉപദേശങ്ങൾ സ്വീകരിക്കുമ്പോഴാണ് ജീവിതം പ്രശോഭിതമാവുക. അല്ലാഹു ക്വുർആൻ അവതരിപ്പിച്ചത്, അതുമുഖേന കർമങ്ങൾ ചെയ്യാനാണ്. എന്നാൽ ജനങ്ങൾ കേവല പാരായണം മാത്രമാണ് കർമമായി സ്വീകരിച്ചതെന്ന് മുൻഗാമികൾ പറയാറുണ്ടായിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചവരുടെ വിലയിരുത്തൽ ഇതാണെങ്കിൽ, ഇതിനെക്കാൾ ഗുരുതരമാണ് ഇന്നത്തെ സ്ഥിതി. മണിക്കൂറുകൾ സാമൂഹ്യമാധ്യമങ്ങളിൽ ചെലവഴിക്കുന്ന നമ്മുടെ ക്വുർആൻ പാരായണം ആഴ്ചകളിൽ അല്ലെങ്കിൽ മാസത്തിൽ ഏതാനും മിനുട്ടുകളിൽ പരിമിതപ്പെടുന്നു. പൂർവസൂരികൾ ഇതിന് സാക്ഷികളായിരുന്നുവെങ്കിൽ താക്കീതിന്റെ ശക്തി ഏറുമായിരുന്നു.

‘ആരാധന റബ്ബിന് മാത്രമെ നൽകാവൂ’ എന്ന് പാരായണം ചെയ്യുന്നവർ ശിർക്കിലേക്ക് പോകുന്നു! പ്രവാചകനെ അനുസരിക്കണമെന്ന് ഓതുന്നവർ, ബിദ്അത്തുകളിൽ അഭയം തേടുന്നു. പാരായണത്തിന്റെ നേർവിപരീതമാണ് ജീവിതമെന്ന് ചുരുക്കം. ക്വുർആനിനെ ഉപദേശമായി സ്വീകരിക്കുമ്പോഴാണ് നമുക്ക് തിന്മകളെ നേരിടാനും നന്മകളിൽ മുന്നേറാനും കഴിയുക.

മനസ്സുകളിലെ രോഗത്തിന് ശമനമാണെന്നതാണ് രണ്ടാമത്തെത്. ശാരീരികമായ രോഗത്തെക്കാളും ന്യൂനതകളെക്കാളും അപകടകരമാണ് ആത്മീയരോഗവും വ്യതിചലനങ്ങളും. മനസ്സിനെ ബാധിക്കുന്ന രണ്ട് സുപ്രധാന രോഗങ്ങൾ ദേഹേച്ഛക്ക് അടിമപ്പെടലും ആശയക്കുഴപ്പങ്ങളിൽ അകപ്പെടലുമാണ്. റബ്ബിന് കീഴൊതുങ്ങാൻ വിമുഖത കാണിക്കുന്ന മനസ്സിനുള്ള പരിഹാരം വിശുദ്ധ ക്വുർആനാണ്. സകല ആശയക്കുഴപ്പങ്ങളുടെയും മുനയൊടിക്കുന്ന സമ്പൂർണ അറിവിന്റെ കേദാരവുമാണ് ക്വുർആൻ.

മൂന്ന്, നാല് വിശേഷണങ്ങൾ യഥാക്രമം മാർഗദർശനം, കാരുണ്യം എന്നിവയാണ്. ഈ രണ്ട് വിശേഷണങ്ങൾ വിശ്വാസികൾക്ക് മാത്രം പ്രത്യേകമായതാണ്. ഉപകാരപ്രദമായ അറിവും സൽകർമവുമാണ് മാർഗദർശനംകൊണ്ടുള്ള വിവക്ഷ. പാരായണം ചെയ്യുന്നതിലൂടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനുവർത്തിക്കുന്നതിലൂടെയും ലഭിക്കുന്ന പുണ്യമാണ് കാരുണ്യംകൊണ്ടുള്ള താൽപര്യം. യഥാർഥ വിശ്വാസികൾക്ക് മാത്രമെ ഇത് അനുഭവിക്കാനാവൂ.




> പെരുമാറ്റച്ചട്ടങ്ങളുടെ പെരുമഴപ്പെരുക്കമാണ് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ. പക്ഷേ, നിയമനിർമാതാക്കളിലും പാലകരിലും നിയമലംഘകരുടെ സാന്നിധ്യം അടിക്കടി കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു! ഭരണഘടനാ പ്രോട്ടോകോളുകൾക്കപ്പുറം സ്വഭാവ സംസ്കരണ രംഗത്തും കൃത്യമായ ദിശാബോധം പകർന്നുനൽകാത്തതുകൊണ്ടാണ് ഭരണ സിരാകേന്ദ്രങ്ങൾ വെള്ളപൂശിയ ശവക്കല്ലറകളായി മാറിക്കൊണ്ടിരിക്കുന്നത്.

# ഭരണ സിരാകേന്ദ്രങ്ങളിൽ ഉന്നത കുറ്റവാളികളോ?!

സുഫ്‌യാൻ അബ്ദുസ്സലാം

: 81296 17676

ശ്രീറാം വെങ്കട്ടരാമനെ ആലപ്പുഴ ജില്ലാ കലക്ടറായി നിയമിച്ച സർക്കാർ നടപടി വൻ പ്രതിഷേധത്തെ തുടർന്ന് സർക്കാരിന് പിൻവലിക്കേണ്ടിവന്നു. മൂന്നു വർഷങ്ങൾക്ക് മുമ്പ് ശ്രീറാമും പെൺസുഹൃത്തും സഞ്ചരിച്ച വാഹനം സിറാജ് ലേഖകൻ കെ.എം.ബഷീറിനെ തട്ടിത്തെറിപ്പിക്കുകയും ബഷീർ തൽക്ഷണം മരണപ്പെടുകയും ചെയ്ത സംഭവത്തിന്റെ പേരിൽ പോലീസ് അന്വേഷണം നടന്നുകൊണ്ടിരിക്കെയായിരുന്നു സർക്കാർ അയാളെ ജില്ലാ കലക്ടറായി നിയോഗിച്ചുകൊണ്ട് ആദരിച്ചത്! മുപ്പത്തിയഞ്ചുകാരനായ ഈ ഐ.എ.എസ് ഓഫീസർ വാഹനമോടിക്കുമ്പോൾ മദ്യപിച്ചിരുന്നുവെന്നും മദ്യലഹരിയാണ് അപകടത്തിന് കാരണമായതെന്നുമാണ് ഇയാൾക്കെതിരെ നിലനിൽക്കുന്ന കേസ്. 2019 ആഗസ്റ്റ് 3ന് പുലർച്ചെയായിരുന്നു സംഭവം. കേസിൽ ശ്രീറാം പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന അഭിപ്രായം ശക്തമായിരിക്കെ അന്തിമവിധി വരാതെ ഒരു ജില്ലയുടെ നീതിന്യായ, ഭരണ കടിഞ്ഞാൺ അയാളെ ഏൽപിച്ചത് നീതിന്യായ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയാണെന്നായിരുന്നു പൊതുനിരീക്ഷണം. കലക്ടർ സ്ഥാനത്തുനിന്നും മാറ്റി സിവിൽ സപ്ലൈസ് മേധാവിയാക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ തൽക്കാലം തലയൂരിയെങ്കിലും കേസ് വിധി പറയുന്നവരെ സിവിൽ സർവീസിൽനിന്നും അയാളെ നീക്കം ചെയ്യണമെന്ന വാദം ശക്തമായിരിക്കുകയാണ്.



**ശ്രീറാം കടന്നുവന്ന വഴി**

2013ൽ സിവിൽ സർവീസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടി പത്തനംതിട്ടയിൽ അസിസ്റ്റന്റ് കലക്റ്റർ, തിരുവല്ല ആർ.ഡി.ഒ, ഡൽഹിയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി, ദേവികുളം സബ്കലക്ടർ എന്നീ ചുമതലകൾ വഹിച്ച ഇയാൾ മൂന്നാറിലെ അനധികൃത ഭൂമി കൈയേറ്റങ്ങൾക്കെതിരെ നടപടിയെടുത്ത് ശ്രദ്ധേയനായിരുന്നു. തുടർന്ന് സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡയറക്ടറായി നിയമിതനായി. പ്രൊജക്ട് ഡയറക്ടർ കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, ഹൗസിങ് കമ്മീഷണർ എന്നീ ഉന്നത ഉ്യേദാഗങ്ങളും വഹിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണ സർവീസുമായി ബന്ധപ്പെട്ട് ചെറുപ്രായത്തിൽതന്നെ അക്കാദമിക വിജ്ഞാനവും പ്രവൃത്തി പരിചയവും നേടിയെടുത്ത ഒരാളാണ് ശ്രീറാം എന്ന് തെളിയിക്കുന്ന പ്രൊഫൈലാണ് നമുക്ക് ലഭിക്കുന്നത്. തിരുവനന്തപുരത്ത് സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡയറക്ടറായി പ്രവർത്തിക്കുമ്പോഴായിരുന്നു കെ.എം.ബഷീർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട അപകട സംഭവം അരങ്ങേറുന്നത്. ഉന്നതങ്ങളായ പദവികൾ വഹിച്ച് വിവിധ വകുപ്പുകളുടെ ഭരണസാരഥ്യം വഹിച്ച ഒരാളാണ് ഐ.എ.എസുകാരുടെ നിശാസംഗമം കഴിഞ്ഞ് അർധരാത്രിയും പിന്നിട്ട് വളരെ വൈകി പെൺസുഹൃത്തിന്റെ കൂടെ മദോന്മത്തനായി ഡ്രൈവ് ചെയ്യുകയും ഒരു പത്രപ്രവർത്തകന്റെ മരണത്തിൽ കലാശിച്ച സംഭവങ്ങൾക്ക് കാരണക്കാരനാകുകയും ചെയ്തത് എന്നത് നിസ്സാരമായ കാര്യമല്ല. സംഭവത്തിന് സാക്ഷികളായവർ പറയുന്നത് അസാധാരണമായ വേഗതയിലായിരുന്നു ശ്രീറാം ഡ്രൈവ് ചെയ്തിരുന്നത് എന്നാണ്.

**ശ്രീറാം പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന അഭിപ്രായം ശക്തമായിരിക്കെ അന്തിമവിധി വരാതെ ഒരു ജില്ലയുടെ നീതിന്യായ, ഭരണ കടിഞ്ഞാൺ അയാളെ ഏൽപിച്ചത് നീതിന്യായ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയാണെന്നായിരുന്നു പൊതു നിരീക്ഷണം. കലക്ടർ സ്ഥാനത്തുനിന്നും മാറ്റി സിവിൽ സപ്ലൈസ് മേധാവിയാക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ തൽക്കാലം തലയൂരിയെങ്കിലും കേസ് വിധി പറയുന്നവരെ സിവിൽ സർവീസിൽനിന്നും അയാളെ നീക്കം ചെയ്യണമെന്ന വാദം ശക്തമായിരിക്കുകയാണ്.**

**മദ്യവും അമിതവേഗതയും**

കേരളത്തിൽ എത്രയോ അപകടങ്ങൾ ഓരോ ദിവസവും അരങ്ങേറുന്നു. ട്രാഫിക് കൺട്രോൾ വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ച് അപകടങ്ങളുടെ കാരണങ്ങൾ അവയുടെ തോതനുസരിച്ച് ഇപ്രകാരമാണ്. അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, അശ്രദ്ധ, സിഗ്നൽ ഭേദിക്കൽ; സീറ്റ് ബെൽറ്റ്, ഹെൽമറ്റ് എന്നിവ ധരിക്കാതിരിക്കൽ, നിശ്ചയിക്കപ്പെട്ട പാതയിൽനിന്നും മുന്നറിയിപ്പില്ലാതെ തെന്നിമാറുകയും മറ്റു വാഹനങ്ങളെ മറികടക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നിവയാണവ. ശ്രീറാം വരുത്തിയ അപകടത്തിൽ അമിതവേഗതയും മദ്യത്തിന്റെ സാന്നിധ്യവും ഉണ്ടായിരുന്നുവെന്ന് ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പോലീസ് ആദ്യം അത് ശരിവെച്ചിട്ടുമുണ്ട്.

**ഇരയെക്കാൾ സുരക്ഷ കുറ്റവാളിക്കോ?**

അപകടത്തിൽ അതിഗുരുതരമായി പരിക്കേൽക്കുകയും മരണത്തോട് മല്ലിടുകയും ചെയ്തിരുന്ന ബഷീറിനെ നേരെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കാണ് കൊണ്ടുപോയതെങ്കിൽ അപകടം വരുത്തിയ ഐ.എ.എസ് ഓഫീസറെ മെഡിക്കൽ കോളേജിലേക്ക് റെഫർ ചെയ്തിട്ടും ഒരു ഫൈവ് സ്റ്റാർ ഹോസ്പിറ്റലിലേക്കാണ് കൊണ്ടുപോയത്. ബഷീർ ആശുപത്രിയിൽ

എത്തും മുമ്പ് തന്നെ മരണപ്പെടുകയും ചെയ്തു. കാർ ഉടമയായ പെൺസുഹൃത്തിന് രക്ഷപ്പെടാനുള്ള അവസരം ഐ.എ.എസ്. ഓഫീസറും പോലീസും ഒരുക്കിക്കൊടുക്കുകയും ചെയ്തു. സംഭവസ്ഥലത്തുനിന്നും മ്യൂസിയം പോലീസ് സ്റ്റേഷനിലേക്ക് അഞ്ച് മിനുട്ടിന്റെ ദൂരം മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിലും അൽപം വൈകിയാണ് പോലീസ് സംഭവസ്ഥലത്തിയത്. നമ്മുടെ നിയമപാലന സംവിധാനത്തിന്റെ ഗുരുതരമായ പോരായ്മയും വീഴ്ചയും ഇവിടെ പ്രകടമാണ്. കുറ്റകൃത്യങ്ങളിൽ പെടുന്ന ഉന്നതർക്ക് ഉന്നത മെഡിക്കൽ സേവനങ്ങളും മറ്റു സൗകര്യങ്ങളും പോലീസ് സഹായവും ലഭിക്കുകയും ഇരകളായ പാവപ്പെട്ടവർക്ക് അത്തരത്തിലുള്ള യാതൊന്നും ലഭ്യമാവാതിരിക്കുകയും ചെയ്യുന്നു എന്നത് യഥാർഥ നിയമവ്യവസ്ഥിതിയുടെ അഭാവത്തെയാണ് വ്യക്തമാക്കുന്നത്. നിയമങ്ങൾ താളുകളിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമായില്ലെങ്കിൽ അതിനർഥം ഒരു നിയമവ്യവസ്ഥ ഇല്ല എന്നുതന്നെയാണ്.

**മദ്യത്തിനു മേൽ കണ്ണടയ്ക്കുന്ന വ്യവസ്ഥ!**

അപകടത്തിന്റെ പ്രധാനപ്പെട്ട കാരണം മദ്യമാണ്. മദ്യമാണ് അമിതവേഗതിയിലേക്കും അലസമായ ഡ്രൈവിംഗിലേക്കും നയിക്കുന്നത്. അർധരാത്രിവരെ പ്രവർത്തിക്കാൻ നമ്മുടെ നാട്ടിലെ ബാറുകൾക്ക് അനുമതിയുണ്ട്. അർധരാത്രി കഴിഞ്ഞാലും തുറന്നുപ്രവർത്തിക്കുന്ന ബാറുകളും യഥേഷ്ടമാണ്. ഇവിടെ നിന്നും മദ്യം സേവിച്ച് പുറത്തിറങ്ങുന്നവർ ഇരുകാലുകളിൽ ഇഴഞ്ഞുനീങ്ങുന്നവരല്ല. മറിച്ച് ആഡംബര വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ധനാഢ്യരാണ്. ശ്രീറാമും പെൺസുഹൃത്തും യാത്ര ചെയ്തതും ഇങ്ങനെയുള്ള ഒരു ഹൈസ്പീഡ് ലക്ഷ്വൂറിയസ് കാറിലായിരുന്നു. അർധരാത്രിയിൽ മദ്യപിച്ച് കൂത്താടി ഡ്രൈവ് ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്ന നിയമവ്യവസ്ഥയാണ് നമ്മുടെ നാട്ടിലുള്ളത്.

> **കുറ്റകൃത്യങ്ങളിൽ പെടുന്ന ഉന്നതർക്ക് ഉന്നത മെഡിക്കൽ സേവനങ്ങളും മറ്റു സൗകര്യങ്ങളും പോലീസ് സഹായവും ലഭിക്കുകയും ഇരകളായ പാവപ്പെട്ടവർക്ക് അത്തരത്തിലുള്ള യാതൊന്നും ലഭ്യമാവാതിരിക്കുകയും ചെയ്യുന്നു എന്നത് യഥാർഥ നിയമവ്യവസ്ഥിതിയുടെ അഭാവത്തെയാണ് വ്യക്തമാക്കുന്നത്. നിയമങ്ങൾ താളുകളിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമായില്ലെങ്കിൽ അതിനർഥം ഒരു നിയമവ്യവസ്ഥ ഇല്ല എന്നുതന്നെയാണ്.**

മദ്യനിരോധനത്തെ കുറിച്ചും മദ്യവർജനത്തെ കുറിച്ചും വാതോരാതെ സംസാരിക്കാൻ നമ്മുടെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും വലിയ ഉത്സാഹമാണെങ്കിലും അതിനെതിരെ നിയമം കൊണ്ടുവരുന്നതിന് ചെറുവിരലനക്കാൻ അധൈര്യപ്പെടുന്നവരാണവർ. അവർതന്നെയും രാത്രികാലങ്ങളിൽ മദോന്മത്തരായി നടക്കുന്നു എന്നതാണ് അതിന്റെ പ്രധാന കാരണം. ഈ കേസിലെ കുറ്റവാളിയായ ശ്രീറാം തന്നെയും മദ്യപിച്ചും അമിതവേഗതയിലും ഡ്രൈവ് ചെയ്യുന്നതിനെതിരെ ചാനലുകളിൽ ഗീർവാണം മുഴക്കിയതിന്റെ ക്ലിപ്പുകൾ ഇന്നും സമൂഹമാധ്യമങ്ങളിൽ സുലഭമാണ്. സാധാരണക്കാർക്ക് ദിശാബോധം നൽകേണ്ടവരാണ് മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും. അവർ സമൂഹത്തിന് മാതൃകയാവേണ്ടവരാണ്. എന്നാൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത് സാധാരണക്കാരെക്കാളും സാംസ്കാരികമായി അധോഗതി പ്രാപിച്ച അവസ്ഥയിലാണ് ഭരണസിരാകേന്ദ്രങ്ങളിലിരിക്കുന്ന ഒരുവിഭാഗം അധികാരികൾ എന്നതാണ്.

**വേണം കർശനമായ പെരുമാറ്റച്ചട്ടം**

നമ്മുടെ രാജ്യത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കുമെല്ലാം പെരുമാറ്റ ചട്ടങ്ങളുണ്ട്. പക്ഷേ, അവയെല്ലാം അവരുടെ ഭരണപരമായ പ്രോട്ടോക്കോളുകളുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. സ്വഭാവപരമായ പെരുമാറ്റച്ചട്ടങ്ങൾ കാര്യമായും നിലവിലില്ല. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ മന്ത്രിസ്ഥാനങ്ങളിൽനിന്നും ഉന്നത ഉദ്യോഗങ്ങളിൽനിന്നും അയോഗ്യരാക്കാനുള്ള നിയമം അനിവാര്യമാണ്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ശിക്ഷ ലഭിക്കുകയും അതിനുശേഷം അവർ ഉദ്യോഗ



ങ്ങളിൽ പ്രവേശിക്കുകയും ചെയ്യുന്നത് തെറ്റാണെന്ന് പറയുന്നില്ല. എന്നാൽ ഒരു സമൂഹത്തെ ഭരിക്കുന്നവിധത്തിൽ മന്ത്രി, കലക്ടർ, പോലീസ് മേധാവി തുടങ്ങിയ, ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഇടപെടുന്ന, അവർക്കെതിരെ നിയമങ്ങളും ശിക്ഷകളും നടപ്പാക്കുന്ന ഉദ്യോഗങ്ങളിൽ അവരെ പ്രവേശിപ്പിക്കുന്നത് തടയപ്പെടേണ്ടതാണ്. സ്വഭാവപരമായും ധാർമികമായും വളരെ മോശക്കാരനായ ഒരാളാണ് തങ്ങളെ ഭരിക്കുന്നതെന്ന തോന്നൽ സാധാരണക്കാരിൽ ഉളവായിക്കഴിഞ്ഞാൽ നിയമം അനുസരിക്കാതിരിക്കാനും കുറ്റകൃത്യങ്ങളിലേക്ക് വഴുതിപ്പോവാനും അവരെ അത് പ്രേരിപ്പിക്കും. കുറ്റകൃത്യത്തിൽ ഏർപ്പെട്ട വ്യക്തിക്കെതിരെയുള്ള ട്രയലുകൾ നമ്മുടെ കോടതികളിൽ നടന്നുകൊണ്ടിരിക്കെ തന്നെ അവരെ വീണ്ടും സർവീസിൽ എടുക്കുന്നത് തടയാനുള്ള ജാഗ്രതയും ഉണ്ടാവേണ്ടതുണ്ട്. പല കേസുകളും വർഷങ്ങളായി നീണ്ടു നീണ്ടു പോകുന്നു എന്നതാണ് ഇതിനു കാരണമായി പറയപ്പെടുന്നത്.

**പേരിനൊരു സസ്പെൻഷൻ, പിന്നെയൊരു പ്രൊമോഷൻ!**

2019 ൽ ഉണ്ടായ ഈ കേസിൽ സംഭവം നടന്ന് രണ്ടാം ദിവസം തന്നെ ശ്രീറാമിനെ സസ്പെന്റ് ചെയ്തുകൊണ്ട് ചീഫ് സെക്രട്ടറി ഉത്തരവിറക്കിയിരുന്നു. എന്നാൽ കേസ് ആറുമാസം പിന്നിടുന്നതിന് മുമ്പു തന്നെ ചീഫ് സെക്രട്ടറി ഇയാളെ സർവീസിൽ തിരിച്ചെടുക്കാൻ ശുപാർശ നൽകുകയും 2020 മാർച്ച് 23 ന് ആരോഗ്യവകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. വൈകിക്കിട്ടുന്ന നീതി നീതിനിഷേധമാണ് എന്നത് ഇരയുടെ കാര്യത്തിൽ സത്യമാണെങ്കിൽ കുറ്റം ചെയ്തവന്റെ കാര്യത്തിൽ നീതി നടപ്പാക്കുന്നത് വൈകുംതോറും അയാൾക്കത് അർഹിക്കാതെ കിട്ടുന്ന ആനുകൂല്യമാണ്. അതും നീതിനിഷേധമാണ്. ഈ ആനുകൂല്യത്തിന്റെ മറവിൽ അയാളെ രാജ്യത്തിന്റെ ഭരണസാരഥ്യം ഏൽപിക്കുക എന്നത് ധാർമികതക്ക് നിരക്കുന്നതല്ല. കാരണം നീതിയുടെ കാവലാളായിരിക്കണം സംസ്ഥാനത്തിന്റെയോ ജില്ലയുടെയോ ചുമതയുള്ള സിവിൽ സെർവെന്റ്. ഒരു ജില്ലയുടെ കലക്ടർ പദവി സാധാരണ ഉദ്യോഗം പോലെയല്ല, മറിച്ച്, ഇന്ത്യയിലെ ഭരണസംവിധാനത്തിന്റെ അടിസ്ഥാന യൂണിറ്റായ ഒരു ജില്ലയുടെ സമ്പൂർണ ചുമതലയുള്ള ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസറും ജില്ലാ മജിസ്ട്രേറ്റുമാണ് ഒരു ജില്ലാ കലക്ടർ.

**മരണപ്പെട്ട ബഷീറിന്റെ ആളുകളും അതുപോലെയുള്ള സാധാരണക്കാരായ സാധുക്കളും നീതിക്കായി നീതിപീഠങ്ങൾക്ക് മുമ്പിൽ കെഞ്ചിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ജയിലുകളിൽ യു.എ.പി.എ അടക്കമുള്ള ഭീകരമായ ശിക്ഷകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരപരാധികൾ ഏറെയാണ്. ഹത്രാസിൽ പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ കദന കഥകൾ വിവരിക്കാൻ പുറപ്പെട്ട സിദ്ദീഖ് കാപ്പൻ അവരിലൊരാളാണ്. ഇനിയും മോചനം ലഭിച്ചിട്ടില്ലാത്ത സിദ്ദീഖുമാരും അവരുടെ കുടുംബങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവ്യഥ ആരുടെ നീതികേടിന്റെ ഫലമാണ്? ഇവിടെയാണ് ഒരാൾ മദ്യപിച്ച് അമിതവേഗതയിൽ കാറോടിച്ച് ഒരാളുടെ മരണത്തിൽ കലാശിച്ച അപകടത്തിന് കാരണക്കാരനായിട്ടും അയാൾ ഒരു ഐ.എ.എസുകാരനാണ് എന്ന ഒരൊറ്റക്കാരണത്താൽ ജില്ലാ കലക്റ്റർ പദവിയിലേക്ക് പ്രവേശിക്കുന്നത്! ഇത് നീതികേടാണെന്ന് ഉറക്കെപ്പറയാൻ ആരുമില്ലെങ്കിൽ രാജ്യം അപകടകരമായ അവസ്ഥയിലാണെന്ന് സ്പഷ്ടം.**

**ഉന്നതർക്ക് സുരക്ഷയും പാവപ്പെട്ടവർക്ക് കഷ്ടതയും**

ശ്രീറാം വെങ്കട്ടരാമൻ ഒരു ഐ.എ.എസ് ഓഫീസറാണ് എന്ന കാരണത്താൽ മാത്രം അദ്ദേഹത്തിന് അമിത നീതി ലഭിക്കുന്നതിനെ എങ്ങനെ ന്യായീകരിക്കും? മരണപ്പെട്ട ബഷീറിന്റെ ആളുകളും അതുപോലെയുള്ള സാധാരണക്കാരായ സാധുക്കളും നീതിക്കായി നീതിപീഠങ്ങൾക്ക് മുമ്പിൽ കെഞ്ചിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ജയിലുകളിൽ യു.എ.പി.എ അടക്കമുള്ള ഭീകരമായ ശിക്ഷകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരപരാധികൾ ഏറെയാണ്. ഹത്രാസിൽ പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ കദന കഥകൾ വിവരിക്കാൻ പുറപ്പെട്ട സിദ്ദീഖ് കാപ്പൻ അവരിലൊരാളാണ്. ഇനിയും മോചനം ലഭിച്ചിട്ടില്ലാത്ത സിദ്ദീഖുമാരും അവരുടെ കുടുംബങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന മനോവ്യഥ ആരുടെ നീതികേടിന്റെ ഫലമാണ്? ഇവിടെയാണ് ഒരാൾ മദ്യപിച്ച് അമിതവേഗതയിൽ കാറോടിച്ച് ഒരാളുടെ മരണത്തിൽ കലാശിച്ച അപകടത്തിന് കാരണക്കാരനായിട്ടും അയാൾ ഒരു ഐ.എ.എസുകാരനാണ് എന്ന ഒരൊറ്റക്കാരണത്താൽ ജില്ലാ കലക്റ്റർ പദവിയിലേക്ക് പ്രവേശിക്കുന്നത്! ഇത് നീതികേടാണെന്ന് ഉറക്കെപ്പറയാൻ ആരുമില്ലെങ്കിൽ രാജ്യം അപകടകരമായ അവസ്ഥയിലാണെന്ന് സ്പഷ്ടം. ഇല അനങ്ങിയാൽ ശബ്ദിക്കുന്ന കേരളത്തിലെ സാംസ്കാരിക നായകന്മാരുടെ മൗനം തെളിയിക്കുന്നത് അവരുടെ നാവും വിരലും പണക്കാരുടെയും രാഷ്ട്രീയ ഉദ്യോഗസ്ഥ മേലാളന്മാരുടെയും ലോക്കറുകളിൽ കിടന്ന് തുരുമ്പിച്ചിരിക്കുന്നു എന്നതാണ്.

**ജാമ്യവും പോലീസിന്റെ മിടുക്കും**

വലിയ കുറ്റകൃത്യം ചെയ്തിട്ടും ശ്രീറാമിന് പഴുതുകളുണ്ടാക്കിക്കൊടുത്തതിൽ നമ്മുടെ പോലീസിന്റെ മിടുക്കിനെ സമ്മതിച്ചു

കൊടുക്കേണ്ടതുണ്ട്. കേസിന്റെ നാൾവഴികളിൽ ഈ മിടുക്ക് വളരെ വ്യക്തമാണ്. സംഭവം നടക്കുമ്പോൾ മദ്യത്തിലായിരുന്നുവെന്ന് ദൃക്സാക്ഷികൾ വ്യക്തമാക്കിയിരുന്നെങ്കിലും കൃത്യസമയത്ത് മദ്യപരിശോധന നടത്തുന്നതിൽ പോലീസ് ബോധപൂർവമായ അലംഭാവം കാണിച്ചു എന്നാണ് വ്യക്തമാകുന്നത്. ഈ അലംഭാവമാണ് ഇത്ര വലിയ കുറ്റകൃത്യം ചെയ്ത ശ്രീറാമിന് മൂന്നാം ദിവസം തന്നെ ജാമ്യം നേടിക്കൊടുത്തത്. ശ്രീറാം മദ്യപിച്ചിരുന്നുവെന്ന രക്തപരിശോധനാ റിപ്പോർട്ട് പോലീസിന് ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിലായിരുന്നു സി.ജെ.എം കോടതി ജാമ്യം നൽകിയത്. ഒരാൾക്ക് ജാമ്യം നേടിക്കൊടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് പൊലീസിലെ ചില മിടുക്കന്മാരാണ് എന്നതാണ് കുറ്റവാളികളിൽ പലർക്കും ജാമ്യം ലഭിക്കാനും നിരപരാധികളിൽ ചിലർക്ക് അത് നിഷേധിക്കപ്പെടാനുമുള്ള കാരണം.

ജാമ്യം അനുവദിക്കരുതെന്ന് സർക്കാർ അഭ്യർഥിച്ചുവെങ്കിലും കോടതിക്ക് മുമ്പിൽ തെളിവുകളുടെ അപര്യാപ്തത വ്യക്തമായിരുന്നു. രക്തപരിശോധന നടത്താതെ, തെളിവു നശിപ്പിക്കാനുള്ള ശ്രമം തടയാതിരുന്ന പോലീസിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. ബഷീർ ജോലി ചെയ്യുന്ന സിറാജ് പത്ര മാനേജ്മെന്റ് മൊഴി നൽകാൻ വൈകിയതിനാലാണ് രക്ത സാമ്പിൾ എടുക്കാൻ വൈകിയതെന്ന വിചിത്രവാദവും പോലീസ് നിരത്തി. അതിനിടെ ശ്രീറാമിന് റിട്രോഗ്രേഡ് അംനേഷ്യയെന്ന മറവി രോഗമെന്ന് പറഞ്ഞുകൊണ്ട് കേസിനെ അട്ടിമറിക്കാനും ശ്രമമുണ്ടായി. ഇത്തരം രോഗമുള്ളവരെ സിവിൽ സർവീസിൽ തുടരാൻ അനുവദിക്കരുതെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലത്തോട് ശുപാർശ ചെയ്യാൻ സെൻട്രൽ വിജിലൻസ് കമ്മീഷന് മുമ്പിൽ ചില രാഷ്ട്രീയ കക്ഷികൾ പരാതി സമർപ്പിച്ചിട്ടുണ്ട്.

**1981ൽ പൂനൂരിലെ മസ്ജിദുൽ മുജാഹിദീനിലെ മുഅദ്ദിനും മദ്റസാധ്യാപകനുമായിരുന്ന അബൂബക്കർ ഹാജിയെ ബോംബെറിഞ്ഞ് കൊന്നതും 1991ൽ കോഴിക്കോട്ടെ മുജാഹിദ് സെന്റർ ബോംബിട്ട് തകർക്കാൻ ശ്രമിച്ചതും ചേകനൂരിനെ 'ഇല്ലാതാക്കിയ' ഇതേ വിഭാഗം തന്നെയായിരുന്നു. മതപരമായ വിഷയങ്ങളിലെ അഭിപ്രായാന്തരങ്ങളുടെ പേരിൽ ഇതരവിഭാഗങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുകയായിരുന്നു ഇക്കൂട്ടർ. നിഷ്ഠൂരമായ ആക്രമണങ്ങൾ നടത്തിയ ഇവർ അവരുടെ ഉന്നതങ്ങളിലുള്ള സ്വാധീനം ഉപയോഗിച്ചാണ് രക്ഷപ്പെട്ടത്. നീതി ലഭിക്കുമെന്ന് പ്രതീക്ഷിച്ച അബൂബക്കർ ഹാജിയുടെ കുടുംബത്തിനും കേരളത്തിലെ മുജാഹിദ് പ്രവർത്തകർക്കും ഒടുവിൽ അനീതിയുടെ കിങ്കരന്മാർക്ക് മുമ്പിൽ അടിയറവ് പറയേണ്ടി വന്നു.**

## ചേകനൂർ, പൂനൂർ സംഭവം; നീതി ലഭിച്ചുവോ?

ശ്രീറാം വെങ്കട്ടരാമനെ സംരക്ഷിച്ചുകൊണ്ടുള്ള നടപടികൾക്കെതിരെ പൊതുസമൂഹത്തിൽ നിന്നും വ്യാപകമായ വിമർശനം ഉയർന്നുവന്നുകഴിഞ്ഞു. കക്ഷിരാഷ്ട്രീയങ്ങൾക്കും മതവീക്ഷണങ്ങൾക്കും അപ്പുറം പ്രതിഷേധങ്ങൾ അരങ്ങേറി. എന്നാൽ ഇതൊരു ശ്രീറാം വിഷയത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല. കേരളത്തിൽ ഇതുപോലുള്ള കേസുകൾ മുമ്പും ഉണ്ടായിട്ടുണ്ട് എന്ന കാര്യം മറക്കാവതല്ല. സിറാജ് പത്രം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ പേരിൽതന്നെ ആരോപിക്കപ്പെട്ട ചേകനൂർ മൗലവി തിരോധാനം അതിലൊന്നാണ്. ആശയവിരോധത്തിന്റെ പേരിൽ ശത്രുപക്ഷത്ത് നിറുത്തപ്പെട്ട ചേകനൂർ മൗലവി 'വധിക്കപ്പെട്ടു' എന്നുതന്നെയാണ് കേരളത്തിലെ പൊതുസമൂഹം വിശ്വസിക്കുന്നത്. അത് തെളിയിക്കപ്പെട്ടിട്ടില്ല എന്ന സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം 'തിരോധാനം' എന്ന പേർ ഉപയോഗിക്കപ്പെടുന്നു. 1993 ജൂലൈ 29 നാണ് ചേകനൂർ സംഭവം നടന്നത്. പതിനേഴ് വർഷങ്ങൾക്ക് ശേഷം 'തെളിവില്ല' എന്ന ന്യായത്തിൽ കുറ്റാരോപിതർ രക്ഷപ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന്റെ മൃതദേഹം പോലും വീട്ടുകാർക്ക് വിട്ടുകൊടുക്കാത്തവിധം അവർ നശിപ്പിച്ചു. അദ്ദേഹത്തിന്റെ കുടുംബം ഇതിന്റെ പേരിൽ കടിച്ചിറക്കിയ വേദനകൾ ആര് കണ്ടു? അദ്ദേഹത്തിന്റെ 'വിധവ'യുടെ കണ്ണീരിന് ആർക്കെങ്കിലും നഷ്ടപരിഹാരം കൊടുക്കാൻ സാധിച്ചോ?

1981ൽ പൂനൂരിലെ മസ്ജിദുൽ



മുജാഹിദീനിലെ മുഅദ്ദിനും മദ്‌റ സാധ്യാപകനുമായിരുന്ന അബൂബക്കർ ഹാജിയെ ബോംബെറിഞ്ഞ് കൊന്നതും 1991ൽ കോഴിക്കോട്ടെ മുജാഹിദ് സെന്റർ ബോംബിട്ട് തകർക്കാൻ ശ്രമിച്ചതും ചേകനൂരിനെ 'ഇല്ലാതാക്കിയ' ഇതേ വിഭാഗം തന്നെയായിരുന്നു. മതപരമായ വിഷയങ്ങളിലെ അഭിപ്രായാന്തരങ്ങളുടെ പേരിൽ ഇതരവിഭാഗങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുകയായിരുന്നു ഇക്കൂട്ടർ. നിഷ്ഠൂരമായ ആക്രമണങ്ങൾ നടത്തിയ ഇവർ അവരുടെ ഉന്നതങ്ങളിലുള്ള സ്വാധീനം ഉപയോഗിച്ചാണ് രക്ഷപ്പെട്ടത്. നീതി ലഭിക്കുമെന്ന് പ്രതീക്ഷിച്ച അബൂബക്കർ ഹാജിയുടെ കുടുംബത്തിനും കേരളത്തിലെ മുജാഹിദ് പ്രവർത്തകർക്കും ഒടുവിൽ അനീതിയുടെ കിങ്കരന്മാർക്ക് മുമ്പിൽ അടിയറവ് പറയേണ്ടി വന്നു.

**മാധ്യമം പത്രവും നിരോധനവും**

അഭിപ്രായാന്തരങ്ങളെ ജനാധിപത്യരീതിയിൽ നേരിടുന്നതാണ് മാന്യമായ ശൈലി. മാധ്യമം പത്രം യു.എ.ഇയിൽ നിരോധിക്കാൻ ഒരു മുൻമന്ത്രി ശ്രമിച്ച വാർത്ത ഈയിടെ പുറത്തുവരികയുണ്ടായി. എന്നാൽ ഇതേ മാധ്യമം തന്നെ മറ്റു പത്രങ്ങളെ നിരോധിക്കാൻ വേണ്ടിയുള്ള കുത്സിത ശ്രമങ്ങൾ നടത്തിയതായി അതുമായി ബന്ധപ്പെട്ട മറ്റുള്ളവരും പുറത്തു പറഞ്ഞു. മതവുമായും ധാർമികതയുമായും ബന്ധമുണ്ടെന്ന് ഉൽഘോഷിക്കുന്നവരിൽ നിന്നാണ് ഇത്തരത്തിലുള്ള അപക്വവും വഞ്ചനാത്മകവുമായ പ്രവർത്തനങ്ങൾ അരങ്ങേറുന്നത് എന്നത് ആശ്ചര്യപ്പെടുത്തുന്നു. ഗൾഫ് നാടുകളിലെ വിവിധ വകുപ്പുകളിലുള്ള സ്വാധീനങ്ങൾ വഴി മറുപക്ഷങ്ങളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നതും മതത്തിന്റെ ബാഹ്യമായ അടയാളങ്ങൾ സൂക്ഷിക്കുന്നവർ തന്നെയായിരുന്നു എന്നതും വസ്തുതയാണ്. ഇങ്ങനെയാണ് കാര്യങ്ങളെങ്കിൽ മതബോധമില്ലാത്ത, ധാർമികതയുമായി ബന്ധമില്ലാത്തവരിൽനിന്ന് പ്രസരിക്കുന്ന അനീതിയുടെയും വഞ്ചനയുടെയും കിരണങ്ങൾക്ക് എന്തു മാത്രം തീവ്രതയുണ്ടായിരിക്കും!

**ഉന്നതരും ശിക്ഷിക്കപ്പെടേണ്ടതുണ്ട്!**

ഉന്നതങ്ങളിൽ വിരാജിക്കുന്നവർക്ക് വേണ്ടി നിയമങ്ങൾ വഴിമാറിപ്പോകുന്ന അവസ്ഥകളിൽ അതിനെതിരെ പ്രതിഷേധത്തിന്റെ സമരം ഉയരേണ്ടതുണ്ട്. കെ.എം. ബഷീർ എന്ന പത്രപ്രവർത്തകന്റെ മരണം ഏവരെയും ദുഃഖിപ്പിക്കുന്നതാണ്. ബഷീറിന്റെ കുടുംബത്തിന് നീതി ലഭിക്കേണ്ടതുണ്ട്. ബഷീറിന്റെ കൊലപാതകത്തിന് കാരണക്കാരനായ വ്യക്തിക്ക് നൽകുന്ന പുതിയ ഓരോ സ്ഥാനക്കയറ്റവും ബഹുമതിയും അനീതിക്ക് നൽകുന്ന അംഗീകാരമാണ്. ബഷീറിന്റെ കാര്യത്തിൽ മാത്രമല്ല, ഇതുപോലെ നീതിനിഷേധത്തിലൂടെ ജീവിതം ഹോമിക്കപ്പെട്ട ആയിരങ്ങൾക്ക് വേണ്ടിയുള്ള പ്രതികരണങ്ങളും പ്രതിഷേധങ്ങളും ഉയരേണ്ടതുണ്ട്.

> സ്വന്തം വിഭാഗങ്ങളിൽനിന്നും കുറ്റകൃത്യങ്ങൾ ഉണ്ടാകുമ്പോഴും അവർക്കെതിരെ നീതിയുടെ പടവാളുയർത്തി പൊരുതുകയാണ് വേണ്ടത്. കുറ്റവാളികളുടെ മതമോ ജാതിയോ പാർട്ടിയോ അല്ല പരിഗണിക്കേണ്ടത്, മറിച്ച് കുറ്റകൃത്യം ആര് ചെയ്താലും അതിനെതിരെയുള്ള വികാരമാണ് ഉയരേണ്ടത്. ഉന്നതകുലജാതയായ ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ സ്വന്തം മകൾ ഫാത്വിമയാണെങ്കിലും കുറ്റകൃത്യം ചെയ്താൽ ശിക്ഷ നടപ്പാക്കുമെന്ന് പറഞ്ഞ പ്രവാചകന്റെ ജീവിതത്തിൽ ലോകർക്ക് ഒട്ടേറെ മാതൃകയുണ്ട്. ഈ മാതൃക നടപ്പാക്കാൻ ആദ്യം മുസ്‌ലിം സമൂഹം പരസ്പര വിദ്വേഷം വെടിഞ്ഞ് ജനാധിപത്യ മാർഗത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്.

അതേസമയം ഇത്തരം പ്രതിഷേധങ്ങൾ കേവലം തങ്ങളുടെ പാർട്ടിക്കാർക്ക് വേണ്ടിയോ തങ്ങളുടെ പ്രത്യയശാസ്ത്രം അംഗീകരിക്കുന്നവർക്ക് വേണ്ടിയോ ആവരുത്. സ്വന്തം വിഭാഗങ്ങളിൽനിന്നും കുറ്റകൃത്യങ്ങൾ ഉണ്ടാകുമ്പോഴും അവർക്കെതിരെ നീതിയുടെ പടവാളുയർത്തി പൊരുതുകയാണ് വേണ്ടത്. കുറ്റവാളികളുടെ മതമോ ജാതിയോ പാർട്ടിയോ അല്ല പരിഗണിക്കേണ്ടത്, മറിച്ച് കുറ്റകൃത്യം ആര് ചെയ്താലും അതിനെതിരെയുള്ള വികാരമാണ് ഉയരേണ്ടത്. ഉന്നതകുലജാതയായ ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ സ്വന്തം മകൾ ഫാത്വിമയാണെങ്കിലും കുറ്റകൃത്യം ചെയ്താൽ ശിക്ഷ നടപ്പാക്കുമെന്ന് പറഞ്ഞ പ്രവാചകന്റെ ജീവിതത്തിൽ ലോകർക്ക് ഒട്ടേറെ മാതൃകയുണ്ട്. ഈ മാതൃക നടപ്പാക്കാൻ ആദ്യം മുസ്‌ലിം സമൂഹം പരസ്പര വിദ്വേഷം വെടിഞ്ഞ് ജനാധിപത്യമാർഗത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്.

വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്കുതന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്തബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായി ത്തീർന്നാലും ശരി. കക്ഷി ധനികനോ ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്നപക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (ക്വുർആൻ 4:135).




# ഇസ്‌ലാമിനുവേണ്ടി എഴുന്നേറ്റ് നിൽക്കുക

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525

മനുഷ്യൻ സവിശേഷമായ ചിന്താശേഷി നൽകപ്പെട്ട ജീവിയാണെങ്കിലും ജീവിതത്തിന്റെ ഒട്ടേറെ നിർണായക സന്ദർഭങ്ങളിൽ മറ്റൊരാളുടെ ഉപദേശമോ, വഴികാട്ടലോ ആവശ്യമായി വരുന്നവനാണ്. വിദ്യാഭ്യാസ കാലത്ത്, തൊഴിൽ മേഖലകളിൽ, വിവാഹ രംഗങ്ങളിൽ, വീട് വെക്കുമ്പോൾ, ചികിത്സാരംഗത്ത് തുടങ്ങി പലപ്പോഴും ഒന്നിനു പിറകെ മറ്റൊരു ഉപദേശം കൂടി സ്വീകരിക്കുന്നവരാണ് നാം. ‘ഒരു സെക്കന്റ് ഒപീനിയൻ കൂടി എടുക്കുന്നത് നല്ലതാണ് കേട്ടോ’ എന്ന പല്ലവി എത്ര നിർണായക സന്ദർഭങ്ങളിൽ കേട്ടവരാണ് നാം!

മുന്നോട്ടുള്ള വഴിയിൽ തെറ്റുപറ്റരുത് എന്ന ബോധമാണ് നമ്മെ അതിന് പ്രേരിപ്പിക്കുന്നത്. എന്നാൽ, ഈ ജീവിതമാകുന്ന യാത്രയിൽ ഏത് നിമിഷവും യാത്ര അവസാനിപ്പിച്ച് വഴിയിലിറങ്ങി തിരിഞ്ഞു നോക്കാതെ മരണത്തിന്റെ മലക്കിനോടൊപ്പം നടക്കേണ്ടവരാണ് നാം എന്നതിൽ തർക്കമില്ല. കൂടെയുണ്ടാ യിരുന്നവരും മുന്നേ കടന്നുപോയവരുമായ എത്ര മുഖങ്ങളാണ് ഒന്ന് മിഴിയടച്ചാൽ മുന്നിൽ തെളിഞ്ഞ് വരുന്നത്, അല്ലേ...? മരണം എന്നത് നിഷേധിക്കാനാവാത്ത ഒരു യാഥാർഥ്യമായിരിക്കെ; മരണത്തിനപ്പുറത്ത് ഒരു ജീവിതമുണ്ടോ? ഉണ്ടെങ്കിൽ ആ ജീവിതത്തിൽ ശാന്തിയും രക്ഷയും ലഭിക്കാൻ ഏത് വഴിയാണ് തെരഞ്ഞെടുക്കേണ്ടത്? ആരാണത് നമുക്കത് പറഞ്ഞുതരേണ്ടത്?

എന്തുകൊണ്ടാണ് ഒരു തിരിച്ചുവരവില്ലാത്ത, തെറ്റിപ്പോയതിനെ പരിഹരിക്കാൻ ഒരു ഓപ്ഷൻ ഇല്ലാത്ത  ഈ കാര്യത്തിൽ മരണത്തിനു മുമ്പ് നാം ഒരു സെക്കന്റ് ഒപീനിയൻ എടുക്കാത്തത്? അവിടെയാണ് മതം പ്രസക്തമാകുന്നത്! ഇസ്‌ലാം പ്രസക്തമാകുന്നത്! മുഹമ്മദ് നബി(സ്വ) പ്രസക്തമാകുന്നത്!

**മനസ്സിൽ നന്മയുള്ള, ലോകം നന്മയുടെ വഴിയിൽ സഞ്ചരിക്കണമെന്ന് ആഗ്രഹിക്കുന്ന, ഈ മതത്തെക്കുറിച്ച് ശരിയാംവണ്ണം പഠിച്ചറിഞ്ഞ ആർക്കും ഈ വഴിയിൽനിന്ന് മാറി നിൽക്കാനാവില്ല തന്നെ. എന്നാൽ തിന്മയുടെ ആളുകൾക്ക് ഇത് വലിയ പ്രയാസം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. അവരാണ് ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്താനും പ്രവാചകനെ അധിക്ഷേപിക്കാനും നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ എല്ലാ ആക്ഷേപകരുടെ ആക്ഷേപങ്ങളെയും മറികടന്ന്, പ്രപഞ്ച സ്രഷ്ടാവിന്റെ ഈ സന്ദേശം അജയ്യമായി നിലകൊള്ളുമെന്നതിൽ സംശയമില്ല.**

"മനുഷ്യരേ, നിങ്ങൾ ആരാധിക്കേണ്ടത് നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ച ഏകനായ അല്ലാഹുവിനെയാകുന്നു നിങ്ങൾ ദൈവഭക്തിയുള്ളവരാകാൻ അതാണ് വേണ്ടത്" (ക്വുർആൻ 2:21).

ക്വുർആനിന്റെ ഈ സന്ദേശം; അതായത് നാം മരണാനന്തര ജീവിതത്തിൽ രക്ഷപ്പെടാൻ ഏകനും അജയ്യനും ഈ ഭൂമിയുടെയും ആകാശത്തിന്റെയും പരമാധിപനുമായ എല്ലാവരെയും സൃഷ്ടിച്ച എല്ലാവരെയും സംരക്ഷിക്കുന്ന, എല്ലാവരെയും നിഗ്രഹിക്കാനും കഴിയുന്ന അല്ലാഹുവിനെയാണ് എന്ന പരമമായ സത്യം നമുക്ക് പറഞ്ഞുതരാനാണ് പ്രവാചാകൻമാർ പല കാലങ്ങളിലായി വന്നത്.

ആ പ്രവാചകൻമാരുടെ അവസാന കണ്ണിയാണ് മുഹമ്മദ് നബി (സ്വ), മോശെ (മൂസാ), യേശു (ഈസാ), അബ്രഹാം (ഇബ്റാഹീം) ജോസഫ് (യൂസുഫ്), ആദം... ഇവരെല്ലാം ആ പ്രവാചകൻമാരുടെ മുൻതലമുറക്കാർ തന്നെയാണ്.

അവർ പറഞ്ഞുതന്ന ദൈവമാർഗത്തിന്റെ കലർപ്പില്ലാത്ത പതിപ്പാണ് ഇസ്‌ലാം; അവസാന പ്രവാചകൻ മുഹമ്മദ് നബി(സ്വ) യും. മനുഷ്യജീവിതത്തിന്റെ സ്വസ്ഥവും സ്വഛവും ശാന്തവും സുഗമവുമായ മുന്നോട്ടു പോക്കിന് വിഘാതം നിൽക്കുന്ന എല്ലാ തിന്മകളെയും ഇസ്‌ലാം എതിർക്കുന്നു.

ബഹുദൈവാരാധന, ആഭിചാരക്രിയകൾ, മദ്യം, പലിശ, ചൂതാട്ടം, വ്യഭിചാരം, സ്വവർഗരതി, സ്ത്രീകളുടെ നഗ്നതാ പ്രദർശനം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, കൊലപാതകം, അഭിമാനക്ഷതം വരുത്തൽ, സ്ത്രീധനം, അന്ധവിശ്വാസങ്ങൾ, തീവ്രവാദം, സ്വജനപക്ഷപാതം, അഴിമതി, കൈക്കൂലി, കളവ്, വഞ്ചന, കരാർ ലംഘനം... തുടങ്ങി എല്ലാ തിന്മകളെയും എതിർക്കുകയും; ഏകദൈവാരാധന, ശരിയായ വിശ്വാസം, ധാർമികമൂല്യം, സാമ്പത്തിക വിശുദ്ധി, ദാനധർമങ്ങൾ, കടം നൽകൽ, വിവാഹ ബന്ധം, ലൈംഗികവിശുദ്ധി, കരാർപാലനം, സത്യസന്ധത, സ്നേഹം, സഹാനുഭൂതി, പരസ്പര സഹായ മനഃസ്ഥിതി, പ്രകൃതി സ്നേഹം, മിതത്വം, മനുഷ്യമൈത്രി, തുടങ്ങി... എല്ലാ നന്മകളെയും ഇസ്‌ലാം എടുത്ത് പറയുന്നു.

ചുരുക്കത്തിൽ, നന്മകൾ മാത്രം നിർവഹിക്കുന്ന, തിന്മകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന മനുഷ്യരെ വാർത്തെടുക്കുന്ന, പ്രപഞ്ചനാഥന്റെ മതമാണ് ഇസ്‌ലാം. അതിന്റെ തെറ്റുപറ്റാത്ത പ്രമാണമാണ് ദൈവികവചനങ്ങളായ ക്വുർആൻ. അതിന്റെ അന്തിമദൂതനാണ് ലോകത്തിന് കാരുണ്യമായി നിയോഗിക്കപ്പെട്ട മുഹമ്മദ് നബി(സ്വ).

ഈ വഴിയെക്കുറിച്ച്, അഥവാ ഇസ്‌ലാമിനെക്കുറിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഇന്ന് ധാരാളമാളുകൾ പഠിക്കുകയും പലരും ഈ സത്യമാർഗത്തിലേക്ക് കടന്നു വന്നുകൊണ്ടേയിരിക്കുകയും ചെയ്യുന്നുണ്ട്.

മനസ്സിൽ നന്മയുള്ള, ലോകം നന്മയുടെ വഴിയിൽ സഞ്ചരിക്കണമെന്ന് ആഗ്രഹിക്കുന്ന, ഈ മതത്തെക്കുറിച്ച് ശരിയാംവണ്ണം പഠിച്ചറിഞ്ഞ ആർക്കും ഈ വഴിയിൽനിന്ന് മാറി നിൽക്കാനാവില്ല തന്നെ. എന്നാൽ തിന്മയുടെ ആളുകൾക്ക് ഇത് വലിയ പ്രയാസം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. അവരാണ് ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്താനും പ്രവാചകനെ അധിക്ഷേപിക്കാനും നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

എന്നാൽ എല്ലാ ആക്ഷേപകരുടെ ആക്ഷേപങ്ങളെയും മറികടന്ന്, പ്രപഞ്ച സ്രഷ്ടാവിന്റെ ഈ സന്ദേശം അജയ്യമായി നിലകൊള്ളുമെന്നതിൽ സംശയമില്ല. ■



# അവസാന നിമിഷത്തിലേക്ക്

മുഹമ്മദ് നബി (സ്വ) 84

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ) തന്റെ അന്ത്യനിമിഷത്തിലേക്ക് അടുക്കുകയാണ്. ആഇശ (റ) പ്രിയഭർത്താവിനെ തന്നിലേക്ക് ചേർത്തുപിടിച്ചു. ആഇശ(റ) തന്നെ ആ സന്ദർഭം വിവരിക്കുന്നത് കാണുക:

"എന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്; അല്ലാഹുവിന്റെ റസൂൽ(സ്വ) എന്റെ വീട്ടിൽ, എന്റെ ദിവസത്തിൽ, എന്റെ കഴുത്തിന്റെയും മാറിന്റെയും ഇടയിൽവെച്ചാണ് വഫാത്താകുന്നത്. (അതുപോലെ) അവിടുത്തെ മരണസമയത്ത് അവിടുത്തെ ഉമിനീരും എന്റെ ഉമിനീരും അല്ലാഹു ഒരുമിപ്പിച്ചതും (എന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്). (അത് സംഭവിച്ചത്) തന്റെ കൈവശം ഒരു സിവാക് ഉള്ളവനായ നിലയിൽ അബ്ദുറഹ്മാൻ എന്റെ അടുത്ത് പ്രവേശിച്ചു. അന്നേരം ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)നെ ചാരിയിരുത്തുന്നവളായിരുന്നു. നബി(സ്വ) അതിലേക്ക് നോക്കുന്നതായി ഞാൻ കണ്ടു. നബി(സ്വ) സിവാക് ഇഷ്ടപ്പെടുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കി. അപ്പോൾ ഞാൻ ചോദിച്ചു: 'അത് അങ്ങേക്ക് വേണോ?' അപ്പോൾ തലകൊണ്ട് അതെ എന്ന് അവിടുന്ന് ആംഗ്യം കാണിച്ചു. അപ്പോൾ ഞാൻ അത് വാങ്ങി. അത് അവിടുത്തേക്ക് കടുപ്പമുണ്ടായിരുന്നു. ഞാൻ ചോദിച്ചു: 'അങ്ങേക്ക് ഞാനത് മാർദ്ദവത്തിലാക്കട്ടെയോ?' അപ്പോൾ തല കൊണ്ട് അതെ എന്ന് അവിടുന്ന് ആംഗ്യം കാണിച്ചു. അപ്പോൾ ഞാൻ അത് മൃദുലമാക്കി. എന്നിട്ട് അവിടുന്ന് അത് (വായിലൂടെ) ചലിപ്പിച്ചു. അവിടുത്തെ മുന്നിൽ ഒരു ചെറിയ പാത്രം അല്ലെങ്കിൽ ഒരു ഡപ്പി ഉണ്ടായിരുന്നു. (റിപ്പോർട്ടറായ ഉമറി(റ)ന് സംശയം). അതിൽ വെള്ളവുമുണ്ടായിരുന്നു. അവിടുത്തെ ഇരുകരങ്ങളും ആ വെള്ളത്തിൽ പ്രവേശിപ്പിച്ചു. എന്നിട്ട് അവകൊണ്ട് അവിടുത്തെ മുഖം തടവുകയും ചെയ്തു. അവിടുന്ന് പറയുകയും ചെയ്തു: ലാ ഇലാഹ ഇല്ലല്ലാഹു, തീർച്ചയായും മരണത്തിന് വളരെ അസഹനീയമായ വേദനയുണ്ട്. പിന്നീട് അവിടുത്തെ കൈ ഉയർത്തി

(ഇപ്രകാരം) പറയുകയും ചെയ്തു: അർറഫീഖുൽ അഅ്ലാ. (അവിടുത്തെ ആത്മാവ്) പിടിക്കപ്പെടുന്നതുവരെ (ഇത് പറഞ്ഞുകൊണ്ടിരുന്നു). അവിടുത്തെ കൈ ചായുകയും ചെയ്തു" (ശർഹുസ്സുന്ന, ബഗവി).

ശുദ്ധിയുടെ നാനാവശങ്ങളും ലോകത്തെ പഠിപ്പിച്ച നേതാവാണ് നബി(സ്വ). വൃത്തി ഈമാനിന്റെ പകുതിയാണെന്ന് പഠിപ്പിച്ച നബി (സ്വ) ജീവിതത്തിൽ ഉടനീളം അത് പാലിച്ചു. വീട്ടിൽനിന്നും പുറത്ത് പോയി മടങ്ങിവന്നാൽ ഭാര്യമാരെ സമീപിക്കുന്നതിന് മുമ്പായി ആദ്യം ദന്തശുദ്ധി വരുത്തുമായിരുന്നു നബി(സ്വ). നമസ്കാരത്തിന് മുമ്പ് വിശിഷ്യാ വുദൂഇന് മുമ്പ് ദന്തശുദ്ധി വരുത്തലിന്റെ പ്രാധാന്യം നബി(സ്വ) പഠിപ്പിച്ചു. അല്ലാഹുവിലേക്കുള്ള യാത്രക്ക് മുമ്പും അവിടുന്ന് അക്കാര്യത്തിൽ താൽപര്യം കാണിച്ചു.

'മരണത്തിന് വല്ലാത്ത വേദനയുണ്ട്' എന്ന് നബി(സ്വ) പറഞ്ഞു. ചില റിപ്പോർട്ടുകളിൽ, അവിടുന്ന് മരണ വേദന കുറച്ചുകിട്ടാൻ വേണ്ടി അല്ലാഹുവിനോട് പ്രാർഥിച്ചിരുന്നു എന്നും കാണാവുന്നതാണ്. മരണ വേദനയിൽനിന്ന് ഒരാളും ഒഴിവാകുകയില്ല. എങ്കിലും അത് ലഘൂകരിച്ച് കിട്ടാൻ നാം പ്രാർഥിക്കേണ്ടതുണ്ട്. നബി(സ്വ)യുടെ രോഗാവസ്ഥയെ അറിയിക്കുന്ന മറ്റു ചില റിപ്പോർട്ടുകളും കാണുക:

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നത് ഞാൻ കേട്ടു: 'ഇഹലോകത്തിന്റെയും പരലോകത്തിന്റെയും ഇടയിൽ തെരെഞ്ഞടുക്കാനുള്ള സ്വാതന്ത്ര്യം നൽകപ്പെടാതെ ഒരു നബിക്കും രോഗം പിടിപെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ആത്മാവ് (റൂഹ്) പിടിക്കപ്പെട്ട രോഗാവസ്ഥയിൽ കഠിനമായ ഒരു ശബ്ദം അദ്ദേഹത്തിന് പിടിപെട്ടു. അപ്പോൾ അവിടുന്ന് പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'അല്ലാഹു അനുഗ്രഹം ചൊരിഞ്ഞ നബിമാരുടെയും സ്വിദ്ദീഖുകളുടെയും ശുഹദാഇന്റെയും സ്വാലിഹുകളുടെയും കൂടെ...' (നിസാഅ് 69). അവിടുത്തേക്ക് തെരഞ്ഞടുക്കാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കി" (ബുഖാരി).

ആഇശ(റ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) രോഗിയായി. അങ്ങനെ അവിടുത്തെ നെഞ്ചിൽ എന്റെ കൈവെച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'മനുഷ്യരുടെ റബ്ബേ, ഈ രോഗത്തെ നീ നീക്കേണമേ. നീ (എല്ലാം) നന്നാക്കുന്നവനാണ്. നീ രോഗം സുഖപ്പെടുത്തുന്നവനുമാണല്ലോ.' അന്നേരം അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നുണ്ടായിരുന്നു: '(അല്ലാഹുവേ,) എന്നെ ഉന്നതരായ കൂട്ടുകാരിൽ ചേർക്കേണമേ. എന്നെ ഉന്നതരായ കൂട്ടുകാരിൽ ചേർക്കേണമേ" (അഹ്മദ്).

"അല്ലാഹുവേ, എനിക്ക് പൊറുത്തുതരികയും എന്നെ ഉന്നതരായ കൂട്ടുകാരിൽ ആക്കുകയും ചെയ്യേണമേ" (അഹ്മദ്).

ലോകത്തിന് വെളിച്ചം പകർന്ന കാരുണ്യത്തിന്റെ തിരുദൂതർ(സ്വ) ഈ ലോകത്തോട് വിടപറയുകയാണ്. ഹിജ്റ 11, റബീഉൽ അവ്വൽ 12, തിങ്കളാഴ്ച ഏകദേശം ഒരു ദുഹാ സമയത്തായിരുന്നു അവിടുത്തെ വഫാത്ത് സംഭവിക്കുന്നത്. ഉച്ചയോട് അടുത്ത നേരത്തായിരുന്നു എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അന്ന് അവിടുത്തേക്ക് 63 വയസ്സും 4 ദിവസവുമായിരുന്നു പ്രായം. നബി(സ്വ) ജനിച്ച മാസമോ തീയതിയോ ചരിത്രത്തിൽ എവിടെയും കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ചിലയാളുകൾ റബീഉൽ അവ്വൽ പന്ത്രണ്ടിന് നബി(സ്വ) ജനിച്ചു എന്ന് പറഞ്ഞ് അവിടുത്തെ ജന്മദിനം ആഘോഷിക്കുന്നത് നാം കാണാറുണ്ടല്ലോ. യഥാർഥത്തിൽ റബീഉൽ അവ്വൽ പന്ത്രണ്ടിന് അവിടുത്തെ വിയോഗമാണ് സംഭവിച്ചത്. അവിടുത്തെ വിയോഗദിനത്തിൽ മുസ്‌ലിംകളെക്കൊണ്ട് സന്തോഷത്താൽ തുള്ളിച്ചാടിപ്പിക്കുന്നതിന്റെ പിന്നിൽപ്രവാചകന്റെ ശത്രുക്കളുടെ കരങ്ങളുണ്ടെന്ന് സംശയിക്കുന്നതിൽ തെറ്റില്ല.

**ശുദ്ധിയുടെ നാനാവശങ്ങളും ലോകത്തെ പഠിപ്പിച്ച നേതാവാണ് നബി(സ്വ). വൃത്തി ഈമാനിന്റെ പകുതിയാണെന്ന് പഠിപ്പിച്ച നബി (സ്വ) ജീവിതത്തിൽ ഉടനീളം അത് പാലിച്ചു. വീട്ടിൽനിന്നും പുറത്ത് പോയി മടങ്ങിവന്നാൽ ഭാര്യമാരെ സമീപിക്കുന്നതിന് മുമ്പായി ആദ്യം ദന്തശുദ്ധി വരുത്തുമായിരുന്നു നബി(സ്വ). നമസ്കാരത്തിന് മുമ്പ് വിശിഷ്യാ വുദൂഇന് മുമ്പ് ദന്തശുദ്ധി വരുത്തലിന്റെ പ്രാധാന്യം നബി(സ്വ) പഠിപ്പിച്ചു. അല്ലാഹുവിലേക്കുള്ള യാത്രക്ക് മുമ്പും അവിടുന്ന് അക്കാര്യത്തിൽ താൽപര്യം കാണിച്ചു.**

ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കി ഇത്തരം ദുഷ്ചെയ്തികളിൽനിന്ന് മാറിനിൽക്കാൻ മുസ്‌ലിംകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ വഫാത്തോടെ മദീന ദുഃഖഭാരത്താൽ കരയുകയാണ്. അന്നത്തെ അവസ്ഥ അനസ്(റ) പറയുന്നത് നോക്കൂ:

"അല്ലാഹുവിന്റെ റസൂൽ (സ്വ) മദീനയിൽ പ്രവേശിച്ച ദിവസത്തിൽ എല്ലാം (സന്തോഷത്താൽ) പ്രകാശിതമായിരുന്നു. എന്നാൽ അവിടുന്ന് മരണപ്പെട്ട ദിവസത്തിൽ അവയ്ക്കെല്ലാം (ദുഖത്താൽ) ഇരുൾ ബാധിക്കുകയും ചെയ്തു...''(തുർമുദി).

ലോകത്തിന് സംഭവിച്ച ഏറ്റവും വലിയ ദുരന്തമായ, ഏറ്റവും വലിയ ആപത്തായ, ഏറ്റവും വലിയ നഷ്ടമായ; അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ വഫാത്തിന്റെ വിവരം എല്ലായിടത്തും എത്താൻ തുടങ്ങി. എല്ലാവരിലേക്കും വിവരം എത്തി.

ആഇശ(റ) നബി(സ്വ)യെ താങ്ങി വിരിപ്പിലേക്ക് കിടത്താൻ തുടങ്ങി. വലിയ ഒരു വിരിപ്പിനാൽ അവിടുത്തെ ദേഹം മുഴുവനും പുതക്കുകയും ചെയ്തു. ആ സമയത്ത് അവിടേക്ക് ഉമർ(റ), മുഗീറ (റ) എന്നിവർ പ്രവേശിച്ചു. ഒറ്റ നോട്ടം നോക്കിയതിന് ശേഷം ഉമർ(റ) മുഗീറ(റ)യുടെ കൂടെ പുറത്തേക്കിറങ്ങി. വാതിൽക്കൽ എത്തിയ നേരത്ത് ഉമർ(റ) മുഗീറ(റ)യോട് പറഞ്ഞു:

"വല്ലാത്തൊരു അബോധാവസ്ഥ! അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അബോധാവസ്ഥ എന്ത് കഠിനമാണ്!" (അഹ്മദ്).

ഉമർ(റ) നബി(സ്വ)യെ കണ്ടപ്പോൾ അബോധാവസ്ഥയിൽ കിടക്കുന്നതായാണ് മനസ്സിലാക്കിയത്. അപ്പോൾ മുഗീറ(റ) പറഞ്ഞു:

"ഉമറേ, അല്ലാഹുവിന്റെ റസൂൽ (സ്വ) മരണപ്പെട്ടിരിക്കുന്നു." (അപ്പോൾ) അദ്ദേഹം പറഞ്ഞു: "നീ പറഞ്ഞത് കളവാണ്" (അഹ്മദ്).

**ലോകത്തിന് വെളിച്ചം പകർന്ന കാരുണ്യത്തിന്റെ തിരുദൂതർ(സ്വ) ഈ ലോകത്തോട് വിടപറയുകയാണ്. ഹിജ്റ 11, റബീഉൽ അവ്വൽ 12, തിങ്കളാഴ്ച ഏകദേശം ഒരു ദുഹാ സമയത്തായിരുന്നു അവിടുത്തെ വഫാത്ത് സംഭവിക്കുന്നത്. ഉച്ചയോട് അടുത്ത നേരത്തായിരുന്നു എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അന്ന് അവിടുത്തേക്ക് 63 വയസ്സും 4 ദിവസവുമായിരുന്നു പ്രായം. നബി(സ്വ) ജനിച്ച മാസമോ തീയതിയോ ചരിത്രത്തിൽ എവിടെയും കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ചിലയാളുകൾ റബീഉൽ അവ്വൽ പന്ത്രണ്ടിന് നബി(സ്വ) ജനിച്ചു എന്ന് പറഞ്ഞ് അവിടുത്തെ ജന്മദിനം ആഘോഷിക്കുന്നത് നാം കാണാറുണ്ടല്ലോ. യഥാർഥത്തിൽ റബീഉൽ അവ്വൽ പന്ത്രണ്ടിന് അവിടുത്തെ വിയോഗമാണ് സംഭവിച്ചത്.**

ഉമറി(റ)ന് നബി(സ്വ)യുടെ വഫാത്ത് ഉൾക്കൊള്ളാൻ സാധിച്ചിരുന്നില്ല. മുഗീറ(റ)യോട് അൽപം കടുപ്പത്തിൽതന്നെ പ്രതികരിച്ചു. വികാരാധീതനായി ഉമർ(റ) പരിസരത്ത് നടക്കുന്നു. അദ്ദേഹത്തിന്റെ അന്നത്തെ അവസ്ഥ എന്തായിരുന്നു എന്ന് താഴെയുള്ള റിപ്പോർട്ടിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

അനസ്(റ) പറയുന്നു: "അല്ലാഹുവിന്റെ റസൂൽ(സ്വ) വഫാത്തായപ്പോൾ ഉമർ(റ) ജനങ്ങളിൽ പ്രസംഗിക്കുന്നവനായി എഴുന്നേറ്റു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'മുഹമ്മദ്(സ്വ) മരണപ്പെട്ടു എന്ന് പറയുന്ന ഒരാളെയും ഞാൻ കേൾക്കില്ല തന്നെ. തീർച്ചയായും മുഹമ്മദ്(സ്വ) മരണപ്പെടുകയില്ല. പക്ഷേ, തന്റെ രക്ഷിതാവ് തന്നിലേക്ക് മൂസായെ അയച്ചതുപോലെ അവിടുത്തെയും അയക്കുന്നതാകുന്നു. (മൂസാ(അ)) തന്റെ സമുദായത്തിൽനിന്ന് നാൽപത് ദിവസം മാറിത്താമസിച്ചു (അതുപോലെ തൽക്കാലത്തേക്ക് നബി(സ്വ) പോയതാണ്" (ഇബ്നുഹിബ്ബാൻ).

ഇതായിരുന്നു ഉമറി(റ)ന്റെ കാഴ്ചപ്പാട്. തീർന്നില്ല; കാർക്കശ്യത്തോടെ ഇങ്ങനെയും പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) മരണപ്പെട്ടു എന്ന് വാദിക്കുന്നവരുടെ കൈകാലുകൾ ഛേദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു" (ഇബ്നുഹിബ്ബാൻ).

അദ്ദേഹത്തിന് നബി(സ്വ)യുടെ വഫാത്ത് അംഗീകരിക്കാനേ സാധിക്കുന്നില്ല. നബി(സ്വ)യുടെ മരണ വാർത്ത കേട്ട ജനങ്ങളിൽ നിന്ന് വ്യത്യസ്ത പ്രതികരണങ്ങളുണ്ടായി. പ്രവാചക ഭവനത്തിലേക്ക് ആളുകളുടെ ഒഴുക്കായി. എല്ലാവർക്കും കാര്യം മനസ്സിലായെങ്കിലും അത് താങ്ങാൻ സാധിക്കുന്നതായിരുന്നില്ല. കണ്ണുനീർ അണപൊട്ടിയൊഴുകാൻ തുടങ്ങി. ആർക്കും ഒന്നും പറയാൻ സാധിക്കുന്നില്ല. ഉമറി(റ)ന്റെ പ്രക്ഷുബ്ധമായ സംസാരത്തിൽ എല്ലാവരും പേടിയിലും ബേജാറിലുമായി... ആ സമയത്ത് അബൂബക്ർ(റ) അവിടെ ഉണ്ടായിരുന്നില്ല. ശേഷം അദ്ദേഹവും അവിടെയെത്തി.

"അബൂബക്ർ(റ) സുൻഹിലെ തന്റെ താമസസ്ഥലത്തുനിന്ന് കുതിരപ്പുറത്ത് അവിടേക്ക് വന്നു. അവിടെ ഇറങ്ങുകയും എന്നിട്ട് പള്ളിയിൽ പ്രവേശിക്കുകയും ചെയ്തു. ആളുകളോട് അദ്ദേഹം ഒന്നും സംസാരിക്കാതെ ആഇശ(റ)യുടെ അടുക്കൽ പ്രവേശിച്ചു. കള്ളിവസ്ത്രത്താൽ മൂടപ്പെട്ട, അല്ലാഹുവിന്റെ റസൂലി(സ്വ)നെ ഉദ്ദേശിച്ച് (അവിടേക്ക് പ്രവേശിച്ചു). എന്നിട്ട് അവിടുത്തെ മുഖത്തുനിന്ന് അത് നീക്കുകയും പിന്നീട് അവിടുത്തെ മേൽ മുഖം കുത്തി ചുംബിക്കുകയും കരയുകയും ചെയ്തു. പിന്നീട് അദ്ദേഹം പറഞ്ഞു: "എന്റെ ഉമ്മയെയും ഉപ്പയെയും അങ്ങേക്ക് (പകരം നൽകാം).

അല്ലാഹുവാണെ സത്യം, അല്ലാഹു അങ്ങയുടെ മേൽ രണ്ട് മരണം ഒരുമിപ്പിച്ചിട്ടില്ല. എന്നാൽ അങ്ങയുടെ മേൽ വിധിക്കപ്പെട്ട മരണമാകുന്നു (ഇത്). അത് അങ്ങ് മരിക്കുകയും ചെയ്തു" (ബുഖാരി)."

നബി(സ്വ)യുടെ കൂടെ എല്ലാ സമയത്തും ഉണ്ടായിരുന്ന, നബി(സ്വ)ക്ക് വാക്കുകളാലും പ്രവൃത്തിയാലും മറ്റുള്ളവരെക്കാൾ സ്ഥാനം നൽകിയ അബൂബക്ർ(റ) നബി(സ്വ)യുടെ മരണസമയത്ത് അവിടെ ഉണ്ടായിരുന്നില്ല. ഒരാൾ മരണപ്പെടുന്ന നേരത്ത് താൻ സ്നേഹിക്കുന്നയാൾ ആ സമയത്ത് അവിടെ ഇല്ലെങ്കിൽ അതിന്റെ പേരിൽ ബന്ധത്തിന്റെ ശക്തി അളന്ന് കുത്തിപ്പറയുന്ന ചിലരെ കാണാം. അവർ നബി(സ്വ)യുടെ വഫാത്തിന്റെ സന്ദർഭം മനസ്സിലാക്കുന്നത് നന്നാകും.

മദീനയുടെ അടുത്ത പ്രദേശമായ സുൻഹിൽ അബൂബക്റി(റ)ന് ഒരു കൃഷിയിടവും അവിടെ ഒരു താമസസ്ഥലവും ഉണ്ടായിരുന്നു. അവിടെയായിരുന്നു അബൂബക്ർ(റ). അദ്ദേഹത്തിന് അറിയില്ലല്ലോ നബി(സ്വ) ഈ സമയത്ത് മരിക്കുമെന്ന്. അവിടെ വെച്ച് നബി(സ്വ)യുടെ മരണവാർത്ത അറിഞ്ഞു. തന്റെ കുതിരപ്പുറത്ത് അതിവേഗത്തിൽ അവിടേക്ക് കുതിക്കുന്നു. വേഗം മദീനാ പള്ളിയിൽ പ്രവേശിച്ചു. ആരോടും ഒന്നും സംസാരിക്കാതെ തന്റെ മകളായ ആഇശ(റ)യുടെ അടുക്കൽ പ്രവേശിക്കുന്നു. അവരുടെ അടുത്താണല്ലോ നബി(സ്വ) കിടക്കുന്നത്. വരകളുള്ള തുണികളാൽ മൂടപ്പെട്ടിട്ടുണ്ടായിരുന്നു പ്രവാചകൻ(സ്വ). അവിടുത്തെ മുഖത്തുനിന്ന് തുണി നീക്കി. എന്നിട്ട് നബി(സ്വ)യുടെ ഇരുകണ്ണുകൾക്കിടയിലായി ചുംബിച്ചു. സങ്കടം സഹിക്കാനാകാതെ അദ്ദേഹം കരഞ്ഞു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങേക്ക് പകരമായി എന്റെ മാതാപിതാക്കളെ നൽകാൻ ഞാൻ തയ്യാറാണ്.' സ്വന്തം മാതാപിതാക്കളെക്കാളും നാം നബി(സ്വ)യെ സ്നേഹിക്കണമല്ലോ. സ്വഹാബിമാർ നബി(സ്വ)യെ സ്നേഹിച്ചത് അപ്രകാരം തന്നെയായിരുന്നു.

നബി(സ്വ) വഫാത്തായി കിടക്കുകയാണല്ലോ. ഉമർ(റ) അത് അംഗീകരിക്കാതെ ജനങ്ങൾക്കിടയിൽ ദേഷ്യത്തോടെ വാളുമായി നടക്കുകയാണ്; നബി(സ്വ) മരണപ്പെട്ടു എന്ന് പറയുന്നവരെ വെട്ടാൻ! നബി(സ്വ) മരണപ്പെട്ടു എന്ന് പറയാൻ പോലും അതുകാരണം ആരും ധൈര്യപ്പെടുന്നില്ലായിരുന്നു. ആ സന്ദർഭത്തിലാണ് അബൂബക്ർ(റ) വരുന്നതും നബി(സ്വ) ചുംബനം നൽകി നബി(സ്വ)യോട് സംസാരിക്കുന്നതും. ഈ സംസാരത്തെ പോലും നബി(സ്വ)യോട് പ്രാർഥിക്കാൻ ചില കക്ഷികൾ തെളിവാക്കാറുണ്ട്. എന്നാൽ ഈ വിളി നബി(സ്വ)യോടുള്ള പ്രാർഥനയാണോ? അല്ല! നബി(സ്വ) കേൾക്കാൻ വേണ്ടിയാണോ? അതുമല്ല! നബി(സ്വ) മരണപ്പെട്ടിട്ടില്ലെന്ന് പറഞ്ഞ് നടക്കുന്ന ഉമറി(റ)നെ കാര്യം പഠിപ്പിക്കാനായിട്ടാണ് അദ്ദേഹം സംസാരിക്കുന്നത്. അതല്ലാതെ നബി(സ്വ)യോട് നേരിൽ പറയുകയല്ല. ഇതാണ് ഈ കാര്യത്തിൽ നാം മനസ്സിലാക്കേണ്ടത്. നബി(സ്വ) കേൾക്കുവാനോ, നബി(സ്വ)യെ ഒരു കാര്യം പഠിപ്പിക്കുവാനോ ഉദ്ദേശിച്ചുള്ള സംസാരമായിരുന്നില്ല അബൂബക്ർ(റ) നടത്തിയത്. ദുർവ്യാഖ്യാനക്കാരുടെ വാദ പ്രകാരം നബി(സ്വ)ക്ക് തന്റെ മരണത്തെ സംബന്ധിച്ച് അറിയില്ലെന്നും ആ മരണം നിങ്ങൾക്ക് സംഭവിച്ചിരിക്കുന്നു എന്ന് അബൂബക്ർ(റ) പഠിപ്പിക്കുകയാണ് എന്നാണ് തോന്നിപ്പോകുക! ചുറ്റും നിൽക്കുന്നവരെ പഠിപ്പിക്കാനായി മറ്റൊരാളോട് സംസാരിക്കുന്ന ശൈലി പൊതുവെ എല്ലാവരിലും ഉള്ളതാണല്ലോ. അതാണ് ഇവിടെയും നടന്നിട്ടുള്ളത്. മദീനാ പള്ളിയുടെ പരിസരത്തായി ഉമറും മറ്റു ചിലരും നബി(സ്വ) മരിക്കില്ലെന്നും, അഥവാ ഇപ്പോൾ മരിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് താൽക്കാലിക മരണം മാത്രമാണ്. മൂസാ(അ) നാൽപത് ദിവസത്തേക്ക് അല്ലാഹുവിലേക്ക് പോയി തിരിച്ചുവന്നത് പോലെ നബി(സ്വ)യും വരുമെന്നാണ് അവർ പറയുന്നത്. അത് ശരിയല്ല. അത് തിരുത്തലാണ് അബൂബക്റി(റ)ന്റെ ഉദ്ദേശ്യം.

ഒരാളോട് സംസാരിക്കുകയും മറ്റുള്ളവരെ കാര്യം ധരിപ്പിക്കുകയും ചെയ്യുന്ന രൂപത്തിൽ നടന്ന സംസാരങ്ങൾ നമുക്ക് പല സന്ദർഭങ്ങളിലായി കാണാൻ സാധിക്കും.

**നബി(സ്വ) വഫാത്തായി കിടക്കുകയാണല്ലോ. ഉമർ(റ) അത് അംഗീകരിക്കാതെ ജനങ്ങൾക്കിടയിൽ ദേഷ്യത്തോടെ വാളുമായി നടക്കുകയാണ്; നബി(സ്വ) മരണപ്പെട്ടു എന്ന് പറയുന്നവരെ വെട്ടാൻ! നബി(സ്വ) മരണപ്പെട്ടു എന്ന് പറയാൻ പോലും അതുകാരണം ആരും ധൈര്യപ്പെടുന്നില്ലായിരുന്നു. ആ സന്ദർഭത്തിലാണ് അബൂബക്ർ(റ) വരുന്നതും നബി(സ്വ) ചുംബനം നൽകി നബി(സ്വ)യോട് സംസാരിക്കുന്നതും. ഈ സംസാരത്തെ പോലും നബി(സ്വ)യോട് പ്രാർഥിക്കാൻ ചില കക്ഷികൾ തെളിവാക്കാറുണ്ട്. എന്നാൽ ഈ വിളി നബി(സ്വ)യോടുള്ള പ്രാർഥനയാണോ? അല്ല! നബി (സ്വ) കേൾക്കാൻ വേണ്ടിയാണോ? അതുമല്ല! നബി(സ്വ) മരണപ്പെട്ടിട്ടില്ലെന്ന് പറഞ്ഞ് നടക്കുന്ന ഉമറി(റ)നെ കാര്യം പഠിപ്പിക്കാനായിട്ടാണ് അദ്ദേഹം സംസാരിക്കുന്നത്. അതല്ലാതെ നബി(സ്വ)യോട് നേരിൽ പറയുകയല്ല. ഇതാണ് ഈ കാര്യത്തിൽ നാം മനസ്സിലാക്കേണ്ടത്. നബി(സ്വ) കേൾക്കുവാനോ, നബി(സ്വ)യെ ഒരു കാര്യം പഠിപ്പിക്കുവാനോ ഉദ്ദേശിച്ചുള്ള സംസാരമായിരുന്നില്ല അബൂബക്ർ(റ) നടത്തിയത്.**

നബി(സ്വ) തന്റെ പൊന്നോമന പുത്രൻ ഇബ്റാഹീം മരണപ്പെടുന്ന വേളയിൽ കുട്ടിയെ തന്റെ മടിത്തട്ടിൽ കിടത്തി. കുഞ്ഞിന്റെ മരണവെപ്രാളം കണ്ട നബി(സ്വ)യുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഇത് കണ്ട സ്വഹാബിമാർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങും കരയുകയാണോ? ഇപ്രകാരം കരയരുതെന്ന് വിലക്കിയ നിങ്ങളും കരയുകയാണോ?' ആ സന്ദർഭത്തിൽ നബി(സ്വ) പറഞ്ഞു: (ഓ, ഇബ്നുഔഫ്, ഇത് കാരുണ്യമാണ്.' ശേഷം തുടർന്നു:

"തീർച്ചയായും കണ്ണുകൾ കരയുകയും ഹൃദയം വ്യസനിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ റബ്ബിന് തൃപ്തിയില്ലാത്തതൊന്നും നാം പറയുകയില്ല. ഓ, ഇബ്റാഹീം! നിന്റെ വേർപാടിൽ ഞങ്ങൾ ദുഃഖിതർ തന്നെയാകുന്നു" (ബുഖാരി).

ഈ വാചകം നോക്കൂ! മരണത്തോട് മല്ലടിക്കുന്ന കുഞ്ഞുമകനായ ഇബ്റാഹീമിനെ വിളിച്ച് പറയുന്നതിന്റെ ലക്ഷ്യം ഇബ്റാഹീമിനെ തന്റെയും മറ്റുള്ളവരുടെയും വേദന അറിയിക്കലായിരുന്നില്ല. മറിച്ച് നബി(സ്വ)ക്ക് തന്റെ കുട്ടിയുടെ മരണത്തിൽ ദുഃഖമുണ്ടെന്നും വ്യസനമുണ്ടെന്നും അപ്രകാരം അനുവദനീയമാണ് എന്നുമുള്ള കാര്യം കൂടെയുള്ളവരെ പഠിപ്പിക്കാനാണ് നബി(സ്വ) അങ്ങനെ പറഞ്ഞത്. ഫത്ഹുൽ ബാരിയിൽ ഇമാം അസ്ക്വലാനി (റഹി) പറഞ്ഞു:

"വേറൊരാളെ ഉദ്ദേശിച്ച് അയാളല്ലാത്തൊരാളോട് സംസാരിക്കൽ സംഭവ്യമാണ്. ആ അവസ്ഥയിൽ അവിടുത്തെ കൂടെയുള്ളവരെ (ഉദ്ദേശിച്ച്) നബി(സ്വ) അവിടുത്തെ കുട്ടിയോട് സംസാരിച്ചതാണ് ഇവയിലുള്ളതെല്ലാം. കുട്ടി ചെറുപ്പമാണെന്ന ഒന്നാമത്തെ കാരണത്താലും കുട്ടിയുടെ വേർപാടാണെന്ന രണ്ടാമത്തെ കാരണത്താലും സംസാരിക്കപ്പെടുന്നവൻ അത് മനസ്സിലാക്കാൻ കഴിയുന്നവനായിരുന്നില്ല. അവിടുന്ന് അവിടെ ഹാജറുള്ള മറ്റുള്ളവരെ ഉദ്ദേശിച്ചു അത് മുമ്പ് വിരോധിച്ചിട്ടുള്ള (കരച്ചിലിൽ) ഉൾപ്പെടുകയില്ലെന്ന് സൂചിപ്പിച്ചുകൊണ്ടുള്ള സംസാരം മാത്രമാണിത്.

അതുപോലെ ഉമർ(റ) കഅ്ബയെ ത്വവാഫ് ചെയ്യുന്ന വേളയിൽ ഹജറുൽ അസ്‌വദിന് നേരെ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: "...തീർച്ചയായും നീ (യാതൊരു) ഉപകാരവും ഉപദ്രവവും ചെയ്യാത്ത ഒരു കല്ലാണെന്ന് എനിക്കറിയാം..." ഈ സംസാരം കല്ലിനോടാണ്. കല്ല് സംസാരം കേൾക്കുമോ? ഇതു വിഗ്രഹാരാധനക്ക് തെളിവാക്കാൻ പറ്റുമോ? ഇല്ല! ഇതും തന്റെ കൂടെയുള്ള ആളുകളെ പഠിപ്പിക്കൽ ഉദ്ദേശിച്ചുള്ള സംസാരമാണ്. ഇപ്രകാരം മാത്രമുള്ള ഒരു വിളിയും സംസാരവുമാണ് അബൂബക്ർ(റ) നബി(സ്വ) മരണപ്പെട്ട നേരത്ത് പറഞ്ഞതും. ഇതൊന്നും അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാനുള്ള തെളിവല്ല. മാത്രവുമല്ല, അബൂബക്ർ(റ) ശേഷം പറയുന്നതും ഇവർക്കുള്ള ഖണ്ഡനമാണ്:

"ഉമർ(റ) ജനങ്ങളോട് (പ്രക്ഷുബ്ധമായി) സംസാരിച്ചുകൊണ്ടിരിക്കെ അബൂബക്ർ(റ) (അവിടേക്ക്) പുറപ്പെട്ടു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഉമറേ ഇരിക്കൂ.' അപ്പോൾ ഉമർ(റ) ഇരിക്കാൻ വിസമ്മതിച്ചു. അപ്പോൾ ജനങ്ങൾ അദ്ദേഹത്തിലേക്ക് (അബൂബക്റി(റ)ലേക്ക് ശ്രദ്ധ) തിരിച്ചു. അവർ ഉമറി(റ)നെ ഒഴിവാക്കി. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും മുഹമ്മദി(സ്വ)നെയാണ് ആരാധിക്കുന്നതെങ്കിൽ തീർച്ചയായും മുഹമ്മദ്(സ്വ) മരണപ്പെട്ടിരിക്കുന്നു. (അതല്ല) നിങ്ങളിൽ ആരെങ്കിലും അല്ലാഹുവിനെയാണ് ആരാധിക്കുന്നതെങ്കിൽ തീർച്ചയായും അല്ലാഹു എന്നെന്നും ജീവിച്ചിരിക്കുന്നവനും മരിക്കാത്തവനുമാകുന്നു. അല്ലാഹു പറഞ്ഞു: മുഹമ്മദ് ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്...(ക്വുർആൻ 3:144). അദ്ദേഹം (റിപ്പോർട്ടർ) പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അബൂബക്ർ(റ) ഈ ആയത്ത് ഓതുന്നതുവരെ അല്ലാഹു ഇത് ഇറക്കിയത് ജനങ്ങൾ അറിയാത്തവരെപ്പോലെയായിരുന്നു. അങ്ങനെ അദ്ദേഹത്തിൽനിന്ന് ജനങ്ങൾ അത് സ്വീകരിച്ചു. (പിന്നീട്) ജനങ്ങളിൽ ഒരാളെയും അത് പാരായണം ചെയ്യാത്തവരായി ഞാൻ കേട്ടിരുന്നില്ല. സഈദ് ഇബ്നുൽ മുസ്വയ്യിബ്(റഹി) എന്നോട് പറഞ്ഞു: 'ഉമർ(റ) അപ്പോൾ പറഞ്ഞു: അബൂബക്ർ(റ)! അത് ഓതുമ്പോൾ എനിക്ക് (കാൽ) ഉറപ്പിച്ചുനിറുത്താൻ സാധിച്ചില്ല. അങ്ങനെ ഞാൻ കുഴഞ്ഞുപോയി. അദ്ദേഹം ഓതുന്നത് ഞാൻ കേട്ട സന്ദർഭത്തിൽ ഭൂമിയിലേക്ക് ഞാൻ വീഴുന്നു. (അങ്ങനെ) നബി(സ്വ) മരണപ്പെട്ടു എന്ന് ഞാൻ മനസ്സിലാക്കുകയും ചെയ്തു" (ബുഖാരി).

മരണപ്പെട്ടവർ ആരാധിക്കപ്പെടാൻ പാടില്ലെന്നും ഒരിക്കലും മരിക്കാത്ത, എന്നെന്നും ജീവിച്ചിരിക്കുന്ന അല്ലാഹു മാത്രമെ ആരാധനക്ക് അർഹനായുള്ളൂ എന്ന തൗഹീദിന്റെ ശബ്ദത്തിലൂടെ നബി(സ്വ)യുടെ മരണത്തെ സംബന്ധിച്ച് അബൂബക്ർ(റ) പരസ്യമാക്കുന്നു. മുമ്പ് കഴിഞ്ഞ പ്രവാചകന്മാരെപോലെത്തന്നെ നബി(സ്വ) ഒരു പ്രവാചകൻ മാത്രമാണെന്നും അവിടത്തേക്കും മരണം സംഭവിക്കുമെന്നും ആയത്തോതി അദ്ദേഹം ജനങ്ങളോട് സംസാരിച്ചു. അതോടെ എല്ലാവർക്കും കാര്യം മനസ്സിലായി. ഉമറി(റ)നും കാര്യം മനസ്സിലായി.

നബി(സ്വ)യെ സ്വഹാബിമാർ എത്ര ശക്തമായി സ്നേഹിച്ചു എന്നത് ഈ ചരിത്രം നമുക്ക് പറഞ്ഞു തരുന്നുണ്ട്. അതുപോലെ എത്ര മഹാനായാലും അല്ലാഹുവിനോടേ പ്രാർഥിക്കാൻ പാടുള്ളൂ എന്നതും നബി(സ്വ) പോലും പ്രാർഥനക്ക് അർഹനല്ലെന്ന് മനസ്സിലാക്കിയ സ്വഹാബിമാരുടെ വഴിത്താരയിലൂടെയാണ് നാം സഞ്ചരിക്കേണ്ടത്.

***(അവസാനിച്ചില്ല)***

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 46

# അഹ്ക്വാഫ്

(മക്കയിൽ അവതരിച്ചത്)

وَإِذْ صَرَفْنَآ إِلَيْكَ نَفَرًا مِّنَ ٱلْجِنِّ يَسْتَمِعُونَ ٱلْقُرْءَانَ فَلَمَّا حَضَرُوهُ قَالُوٓا۟ أَنصِتُوا۟ ۖ فَلَمَّا قُضِىَ وَلَّوْا۟ إِلَىٰ قَوْمِهِم مُّنذِرِينَ ﴿٢٩﴾

قَالُوا۟ يَـٰقَوْمَنَآ إِنَّا سَمِعْنَا كِتَـٰبًا أُنزِلَ مِنۢ بَعْدِ مُوسَىٰ مُصَدِّقًا لِّمَا بَيْنَ يَدَيْهِ يَهْدِىٓ إِلَى ٱلْحَقِّ وَإِلَىٰ طَرِيقٍ مُّسْتَقِيمٍ ﴿٣٠﴾

يَـٰقَوْمَنَآ أَجِيبُوا۟ دَاعِىَ ٱللَّهِ وَءَامِنُوا۟ بِهِۦ يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُجِرْكُم مِّنْ عَذَابٍ أَلِيمٍ ﴿٣١﴾

وَمَن لَّا يُجِبْ دَاعِىَ ٱللَّهِ فَلَيْسَ بِمُعْجِزٍ فِى ٱلْأَرْضِ وَلَيْسَ لَهُۥ مِن دُونِهِۦٓ أَوْلِيَآءُ ۚ أُو۟لَـٰٓئِكَ فِى ضَلَـٰلٍ مُّبِينٍ ﴿٣٢﴾

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَلَمْ يَعْىَ بِخَلْقِهِنَّ بِقَـٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ۚ بَلَىٰٓ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٣﴾

29. ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്). അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി.

30. അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസാക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴി കാട്ടുന്നു.

31. ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്.

32. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്നപക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു.

33. ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്ത അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് അവർക്ക് കണ്ടുകൂടെ? അതെ; തീർച്ചയായും അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

وَيَوْمَ يُعْرَضُ ٱلَّذِينَ كَفَرُوا۟ عَلَى ٱلنَّارِ أَلَيْسَ
هَٰذَا بِٱلْحَقِّ ۖ قَالُوا۟ بَلَىٰ وَرَبِّنَا ۚ قَالَ فَذُوقُوا۟
ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٤﴾

فَٱصْبِرْ كَمَا صَبَرَ أُو۟لُوا۟ ٱلْعَزْمِ مِنَ ٱلرُّسُلِ
وَلَا تَسْتَعْجِل لَّهُمْ ۚ كَأَنَّهُمْ يَوْمَ يَرَوْنَ مَا
يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن نَّهَارٍۭ ۚ
بَلَٰغٌ ۚ فَهَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلْفَٰسِقُونَ
﴿٣٥﴾

34. സത്യനിഷേധികൾ നരകത്തിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം. (അവരോട് ചോദിക്കപ്പെടും;) ഇതു സത്യം തന്നെയല്ലേ എന്ന്. അവർ പറയും: അതെ; ഞങ്ങളുടെ രക്ഷിതാവിനെ തന്നെയാണ! അവൻ പറയും: എന്നാൽ നിങ്ങൾ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി ശിക്ഷ ആസ്വദിച്ചുകൊള്ളുക.

35. ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചതുപോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്. അവർക്ക് താക്കീത് നൽകപ്പെടുന്നത് (ശിക്ഷ) അവർ നേരിൽ കാണുന്ന ദിവസം പകലിൽനിന്നുള്ള ഒരു നാഴികനേരം മാത്രമെ തങ്ങൾ (ഇഹലോകത്ത്) താമസിച്ചിട്ടുള്ളു എന്ന പോലെ അവർക്കു തോന്നും. ഇതൊരു ഉൽബോധനം ആകുന്നു. എന്നാൽ ധിക്കാരികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?

29). അല്ലാഹു തന്റെ ദൂതൻ മുഹമ്മദ് നബി (സ്വ)യെ തന്റെ സൃഷ്ടികളായ മനുഷ്യരിലേക്കും ജിന്നുകളിലേക്കും നിയോഗിച്ചു. പ്രവാചകത്വത്തിലേക്കും ദൈവിക സന്ദേശത്തിലേക്കും മുഴുവൻ ആളുകളെയും പ്രബോധനം ചെയ്യൽ അദ്ദേഹത്തിന്റെമേൽ നിർബന്ധമാണ്. മനുഷ്യരെ താക്കീത് ചെയ്യാനും പ്രബോധനം ചെയ്യാനും പ്രവാചകനുതന്നെ സാധിക്കും. എന്നാൽ ജിന്നുകളെ പ്രവാചകന്റെ അടുത്തേക്ക് ഖുർആൻ ശ്രദ്ധിച്ചു കേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം. അങ്ങനെ അവർ അതിന് സന്നിഹിതരായപ്പൾ അവർ അന്യോന്യം പറഞ്ഞു: (നിശ്ശബ്ദരായിരിക്കൂ). അതായത് നിശ്ശബ്ദരാവാൻ അവർ അന്യോന്യം ഉപദേശിച്ചു. (അങ്ങനെ അത് കഴിഞ്ഞപ്പോൾ) അവരദ്ദേഹത്തെ ശ്രദ്ധിക്കുകയം അവരിലത് സ്വാധീനിക്കുകയും ചെയ്തു. (അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായി തിരിച്ചുപോയി). അവർക്ക് അവരോടുള്ള ഗുണകാംക്ഷയാൽ. അവർക്കെതിരെ അല്ലാഹുവിന്റെ തെളിവ് നിലനിർത്താനും ജിന്നുകൾക്കിടയിൽ തന്റെ പ്രബോധനം വ്യാപിപ്പിക്കാനും തന്റെ പ്രവാചകനെ അല്ലാഹു സഹായിക്കുകയും ചെയ്തു.

30). (അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്കുശേഷം അവതരിപ്പിക്കപ്പെട്ട ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു) കാരണം, മൂസായുടെ ഗ്രന്ഥം ഇൻജീലിന്റെ അടിസ്ഥാനവും ഇസ്റാഈൽ സന്തതികൾക്ക് മതവിധികൾക്കുള്ള അവലംബവുമാണ്. ഇൻജീൽ ചില മതവിധികളെ പൂർത്തീകരിക്കുകയും മാറ്റങ്ങൾ വരുത്തുകയും മാത്രമാണ് ചെയ്തത്. (അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതും വഴികാട്ടുന്നതും) ഞങ്ങൾ കേട്ടതായ ഈ ഗ്രന്ഥം. (സത്യത്തിലേക്ക്) എല്ലാ വാർത്തകളിലും അന്വേഷണങ്ങളിലും ശരിയായത് ആണത്. (നേരായ പാതയിലേക്കും) അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും എത്തിക്കുവാനാവശ്യമായ, അല്ലാഹുവിനെക്കുറിച്ചും അവന്റെ മതവിധികളെക്കുറിച്ചും പ്രതിഫലത്തെക്കുറിച്ചുമെല്ലാമുള്ള അറിവുകളിലൂടെ.

31). വിശുദ്ധ ഖുർആനിനെ പ്രശംസിക്കുകയും അതിന്റെ സ്ഥാനവും പദവിയും അവർ വ്യക്തമാക്കുകയും ചെയ്തതിനു ശേഷം അല്ലാഹുവിൽ വിശ്വസിക്കാൻ അവർ അവരെ ക്ഷണിച്ചു. അവർ പറഞ്ഞു (ഞങ്ങളുടെ സമൂഹമേ അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുക). അതായത് അദ്ദേഹം തന്റെ രക്ഷിതാവിങ്കലേക്ക് മാത്രമാണ് ക്ഷണിക്കുന്നത്. തന്റെ താൽപര്യങ്ങളിലേക്കോ മറ്റേതെങ്കിലും ലക്ഷ്യങ്ങളിലേക്കോ നിങ്ങളെ അദ്ദേഹം വിളിക്കുന്നില്ല. നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് മാത്രമാണ് നിങ്ങളെ ക്ഷണിക്കുന്നത്. നിങ്ങൾ പ്രതിഫലാർഹരാവാൻ വേണ്ടി. എല്ലാ അനിഷ്ടങ്ങളും വിപത്തുക്കളും നിങ്ങളിൽനിന്ന് നീക്കിക്കളയാനും. അതാണ് അവർ പറഞ്ഞത്: (അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽനിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്). അവൻ വേദയേറിയ ശിക്ഷയിൽനിന്നും നിങ്ങൾക്ക് അഭയം നൽകിയാൽ പിന്നീടവിടെയുള്ളത് സുഖാനുഗ്രഹങ്ങൾ മാത്രമാണ്. അല്ലാഹുവിലേക്ക് വിളിക്കുന്നവന് ഉത്തരം നൽകിയാൽ ഇതാണ് പ്രതിഫലം.

32). (അല്ലാഹുവിലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്നപക്ഷം ഈ ഭൂമിയിൽ-അല്ലാഹുവെ-അവന് തോൽപിക്കാനാവില്ല). കാരണം അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു. അവനിൽനിന്ന് ഓടിപ്പോകാനോ അവനെ പരാജയപ്പെടുത്താനോ ആവില്ല. (അല്ലാഹുവിനു പുറമെ അവന് രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു). പ്രവാചകന്മാർ ക്ഷണിക്കുകയും താക്കീതുകൾ വ്യക്തമായ തെളിവുകളിലൂടെയും വിശ്വസ്തമായ പ്രമാണങ്ങളിലൂടെയും വന്നുകിട്ടുകയും ചെയ്തതിനുശേഷം തിരിഞ്ഞുകളയുകയും അഹങ്കരിക്കുകയും ചെയ്യുന്നതിനെക്കാ ൾ വലിയ വഴികേടെന്താണുള്ളത്?


33). മരണശേഷം തിരിച്ചുകൊണ്ടുവരുമെന്നതിന് ശക്തമായ ഒരു തെളിവാണ് അല്ലാഹു ഇവിടെ കൊണ്ടുവരുന്നത്. വലുപ്പവും വിശാലതയുമുള്ള ആകാശഭൂമികളെ യാതൊരു ക്ഷീണവും കൂടാതെ അന്യൂനമായി സൃഷ്ടിച്ചു എന്നുള്ളതാണത്. (അവയെ സൃഷ്ടിച്ചതുകൊണ്ട് അവൻ ക്ഷീണിച്ചിട്ടില്ല) പിന്നെയെങ്ങനെയാണ് മരണശേഷം നിങ്ങളെ തിരിച്ചുകൊണ്ടുവരുന്നതിൽ അവൻ അശക്തനാവുക? അവൻ (ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു).

(34). സത്യനിഷേധികൾ കളവാക്കിയ നരകത്തിന് മുമ്പിൽ അവർ പ്രദർശിപ്പിക്കപ്പെടുമ്പോഴുള്ള മോശമായ അവസ്ഥയാണ് ഇവിടെ അല്ലാഹു പറയുന്നത്. അവർ അപമാനിക്കപ്പെടുകയും അവരോട് പറയപ്പെടുകയും ചെയ്യും: (ഇത് സത്യംതന്നെയല്ലേ എന്ന്). നിങ്ങളുടെ സ്വന്തം കണ്ണുകൊണ്ട് നിങ്ങൾക്ക് അത് കാ ണാൻ കഴിയും. (അതെ, ഞങ്ങളുടെ രക്ഷിതാവിനെതന്നെയാണ!) അവരുടെ കുറ്റങ്ങൾ അവർ അംഗീകരിക്കുകയും അവരുടെ നിഷേധം അവർക്ക് വ്യക്തമാവുകയും ചെയ്യും. (അവൻ പറയും: എന്നാൽ നിങ്ങൾ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി ശിക്ഷ ആസ്വദിച്ചുകൊള്ളുക). അതായത് വിട്ടുമാറാത്ത ശാശ്വതമായ ശിക്ഷ. നിങ്ങളുടെ നിഷേധംപോലെതന്നെ അത് വിട്ടുപോകുന്നില്ല.

35). തന്നോട് ശത്രുത കാണിക്കുന്ന നിഷേധികളുടെ പീഡനങ്ങളിൽ ക്ഷമിക്കാൻ നിർദേശിക്കുകയാണ് ഇവിടെ അല്ലാഹു. പ്രവാചകന്മാർ അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടേയിരിക്കുകയും വേണം. ഉന്നതമായ മനഃശക്തിയുടെയും മനോദൃഢതയുടെയും ഉടമസ്ഥരായ, സൃഷ്ടികളുടെ നേതാക്കളായ പ്രവാചകന്മാർ, ദൃഢമനസ്കർ ക്ഷമയിൽ അവരെ പിന്തുടരുന്നു. അവരുടെ ക്ഷമ മഹത്ത്വമേറിയതും അവരുടെ വിശ്വാസം ദൃഢതയേറിയതുമാണ്. സൃഷ്ടികളിൽ ഏറ്റവും നല്ല മാതൃകക്ക് അർഹരായവർക്ക് പിന്തുടരപ്പെടാനും തങ്ങൾ നൽകുന്ന പ്രകാശത്താൽ വഴികണ്ടെത്താനും കഴിയും. അതിനാൽ നിന്റെ രക്ഷിതാവിന്റെ നിർദേശം നീ പാലിക്കുക. മുമ്പൊരു പ്രവാചകനും ക്ഷമിച്ചിട്ടില്ലാത്തവിധം നീ ക്ഷമിക്കുക. ഒരേ വില്ലിൽനിന്ന് ശത്രുക്കൾ അദ്ദേഹത്തെ എയ്യുന്നു. അല്ലാഹുവിലേക്കുള്ള ക്ഷണത്തെ തടയാൻ അവർ ഒന്നിച്ചു ശ്രമിക്കുന്നു. അവർക്ക് കഴിയുന്നപോലെ ശത്രുതക്കും എറ്റുമുട്ടലിനും അവർ ശ്രമിക്കുന്നു. പ്രവാചകൻ അല്ലാഹുവിന്റെ കൽപന പരസ്യമാക്കുന്നു. അല്ലാഹുവിന്റെ ശത്രുക്കളോട് സമരം ചെയ്തുകൊണ്ടേയിരിക്കുന്നു. അതിനേൽക്കേണ്ടിവരുന്ന പീഡനങ്ങളിൽ ക്ഷമിക്കുന്നു. അല്ലാഹു ഭൂമിയിൽ സ്വാധീനം നൽകുന്നതുവരെ, അദ്ദേഹത്തിന്റെ മതം മറ്റു മതങ്ങളെ അതിജയിക്കുകയും സമുദായം മറ്റു സമുദായങ്ങളെ വിജയിക്കുകയും ചെയ്യുന്നതുവരെയും അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹവും സമാധാനവും പ്രദാനം ചെയ്യട്ടെ.

അല്ലാഹു പറയുന്നു: (അവരുടെ കാര്യത്തിന് നീ ധൃതികാണിക്കരുത്) ശിക്ഷയ്ക്ക് ധൃതി കാണിക്കുന്ന ഈ നിഷേധികളുടെ കാര്യത്തിൽ. ഇതെല്ലാം അവരുടെ അറിവില്ലായ്മയും ബുദ്ധിയില്ലായ്മയുംകൊണ്ടാണ്. അവരുടെ അറിവില്ലായ്മയിൽ നീ അവരോട് നടപടി എടുക്കരുത്. ശിക്ഷയ്ക്ക് ധൃതി കാണിക്കുന്നത് കാണുമ്പോൾ അല്ലാഹുവോട് അവർക്കെതിരെ പ്രാർഥിക്കാൻ നിന്നെ പ്രേരിപ്പിക്കുകയും ചെയ്യരുത്. വരുന്നതെല്ലാം അടുത്തെത്തിയിരിക്കുന്നു. (അവർ ആയത് പോലെയുണ്ട്) അവർക്ക് താക്കീത് നൽകപ്പെടുന്നത്-ശിക്ഷ-അവർ നേരിൽ കാണുന്ന ദിവസം അവർ താമസിച്ചിട്ടില്ല എന്ന്) ഇഹലോകത്ത്. (പകലിൽ നിന്ന് ഒരു നാഴിക നേരമല്ലാതെ). അൽപമായ അവരുടെ ആസ്വാദനങ്ങൾ നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല. അവർ വിനാശകരമായ ശിക്ഷയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. (ഇതൊരു ഉദ്ബോധനമാകുന്നു) ഇഹലോകവും അതിലെ വിഭവങ്ങളും ആസ്വാദനങ്ങളുമെല്ലാം നിസ്സാര കാര്യങ്ങൾ മാത്രം. അൽപസമയത്തേക്കുള്ളത്. നിങ്ങൾക്ക് സമ്പൂർണമായ വിശദീകരണങ്ങൾ നൽകുന്ന ഈ ക്വുർആൻ നിങ്ങൾക്ക് ഉദ്ബോധനവും പരലോകത്തേക്കുള്ള യാത്രാഭക്ഷണവുമാണ്. അതെത്ര നല്ല നേട്ടവും ഭക്ഷണവുമാണ്! സുഖലോകത്തേക്ക് എത്തിക്കുന്ന യാത്രാഭക്ഷണം. വേദനയേറിയ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നത്. സൃഷ്ടികൾ സ്വരൂപിക്കുന്ന ഏറ്റവും നല്ല യാത്രാഭക്ഷണവും അല്ലാഹു ചെയ്ത ഏറ്റവും മഹത്തായ അനുഗ്രഹവും. (എന്നാൽ നശിപ്പിക്കപ്പെടുമോ?) ശിക്ഷകൾകൊണ്ട്. (ധിക്കാരികളായ ജനങ്ങളല്ലാതെ) ഒരു നന്മയുമില്ലാത്തവർ, തങ്ങളുടെ രക്ഷിതാവിനെ അനുസരിക്കാത്തവർ. പ്രവാചകന്മാർ കൊണ്ടുവന്ന സത്യം സ്വീകരിക്കാത്തവർക്ക് അല്ലാഹു അവസരം നൽകുകയും താക്കീത് നൽകുകയും ചെയ്യുന്നു. എന്നാൽ അവർ അവരുടെ നിഷേധത്തിലും അവിശ്വാസത്തിലും തുടർന്നു. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.

അഹ്ക്വാഫ് സൂറത്തിന്റെ വ്യാഖ്യാനം പൂർത്തിയായി. സർവലോകരക്ഷിതാവിനാണ് സർവ സ്തുതിയും. ■



# മൊബൈൽ ഫോൺ ഉപയോഗവും ഇസ്‌ലാമിക മര്യാദകളും

അൻവർ അബൂബക്കർ

മതപരമോ ലൗകികമോ ആയിട്ടുള്ള ഏതൊരു വിഷയവും രണ്ടാമതൊരാളുമായി സംസാരിക്കുമ്പോൾ പ്രസ്തുത സംസാരം അവന്റെ അനുവാദമോ അറിവോ ഇല്ലാതെ റെക്കോർഡ് ചെയ്യുന്നത് ഒരു സത്യവിശ്വാസി ഭയപ്പെടേണ്ട കാര്യമാണ്. ഇസ്‌ലാമിക വിശ്വാസകാര്യങ്ങളിലും ആരാധനകളിലും ശ്രദ്ധ ചെലുത്തുന്ന മുസ്‌ലിം പെരുമാറ്റ മര്യാദകളിലും അവധാനതയും ശ്രദ്ധയും കാണിക്കേണ്ടതുണ്ട്.

അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) പറഞ്ഞു: "ഒരു മനുഷ്യൻ മറ്റൊരാളോട് സംസാരിക്കുകയും പിന്നീട് ചുറ്റുപാടും നോക്കുകയും (ആരും കേൾക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ) ചെയ്താൽ, ആ സംസാരം ഒരു അമാനത്താണ്" (അഹ്മദ്, അബൂദാവൂദ്, തിർമിദി. ഇമാം അൽബാനി ഹസനെന്ന് വിശേഷിപ്പിച്ച ഹദീസ്).

തന്റെ വിശ്വസ്തതയോടെയുള്ള വർത്തമാനം ആരും കേൾക്കരുതെന്ന് സംസാരിക്കുന്നവൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അയാൾ വലത്തോട്ടും ഇടത്തോട്ടും നോക്കുന്നത്. ഈ ഒരു പ്രവൃത്തി ജാഗ്രത പാലിക്കലാണ്. അതിനാൽ, തന്റെ കൂട്ടുകാരൻ പറയുന്ന കാര്യം അതറിയിക്കുന്നവനോട് പ്രകടിപ്പിക്കുന്ന വിശ്വാസമാണ്, അമാനത്താണ്. ഈ സംസാരം



കേൾക്കാൻ അർഹതയില്ലാത്തവരോട് അത് വെളിപ്പെടുത്തുന്നതാകട്ടെ ഇസ്‌ലാമികവിരുദ്ധമാണ്. യഥാർഥത്തിൽ അവൻ ചെയ്യേണ്ടത് ആ സംസാരം മറച്ചുവെക്കുകയാണ്. എന്തുകൊണ്ടെന്നാൽ തന്നോടിതു പറഞ്ഞ വ്യക്തി ചുറ്റുപാടും നോക്കുകയും അതിലൂടെ മറ്റാരോടും ഇക്കാര്യം പറയരുതെന്ന് സൂചന നൽകുകയും ചെയ്തിരിക്കുന്നു.

ജനങ്ങളുമായി ഇടപഴകുമ്പോൾ നല്ല മര്യാദകൾ പാലിക്കുവാനും ഏറ്റവും നന്നായി അവരോട് പെരുമാറുവാനുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അപരന്റെ രഹസ്യങ്ങൾ മറച്ചുവെക്കാനും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കാനും ഇസ്‌ലാം ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈയക്തിക ബന്ധങ്ങളെ തകർക്കു ന്ന ക്ഷുദ്രഗോസിപ്പുകൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ താക്കീതാണ് പ്രവാചകന്റെ(സ്വ) അധ്യാപനങ്ങളിലുള്ളത്.

അപ്പോൾ, ഒരു വ്യക്തിയുടെ അനുവാദമോ അറിവോ ഇല്ലാതെ അയാളുമായുള്ള ഫോൺസംഭാഷണം റെക്കോർഡ് ചെയ്യുന്നതും അത് പ്രചരിപ്പിക്കുന്നതും ഇസ്‌ലാം എങ്ങനെ ശരിവെക്കും? ഒരാളുടെ സംസാരം അയാളുടെ അനുവാദമില്ലാതെ മറ്റുള്ളവരിലേക്ക് കൈമാറുകയാണെങ്കിൽ, ആ പ്രവൃത്തി അയാളോടുള്ള വിശ്വാസത്തിൽ വഞ്ചന കാണിക്കലും പരസ്പര ബന്ധങ്ങളെ തകർക്കലുമാണ്. എന്തിനേറെ, മതപരമോ ഭൗതികപരമോ ആയ ഒരു വിഷയത്തിലുള്ള പ്രസംഗം പ്രഭാഷകന്റെ അറിവോ അനുവാദമോ കൂടാതെ ഫോണോ, അല്ലെങ്കിൽ മറ്റു സംവിധാനങ്ങളോ ഉപയോഗിച്ച് റെക്കോർഡ് ചെയ്യുന്നത് തിന്മയും വഞ്ചനയുമായിട്ടാണ് പണ്ഡിതന്മാർ പഠിപ്പിക്കുന്നത്. ഈ ഒരു സമീപനം ഒരു വ്യക്തിയുടെ സൽസ്വഭാവത്തെയും അന്തസ്സിനെയും കളങ്കപ്പെടുത്തുന്നതായിട്ടാണ് അവർ ചൂണ്ടിക്കാണിക്കുന്നത്.

**ജനങ്ങളുമായി ഇടപഴകുമ്പോൾ നല്ല മര്യാദകൾ പാലിക്കുവാനും ഏറ്റവും നന്നായി അവരോട് പെരുമാറുവാനുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അപരന്റെ രഹസ്യങ്ങൾ മറച്ചുവെക്കാനും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കാനും ഇസ്‌ലാം ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈയക്തിക ബന്ധങ്ങളെ തകർക്കുന്ന ക്ഷുദ്രഗോസിപ്പുകൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ താക്കീതാണ് പ്രവാചകന്റെ(സ്വ) അധ്യാപനങ്ങളിലുള്ളത്. അപ്പോൾ, ഒരു വ്യക്തിയുടെ അനുവാദമോ അറിവോ ഇല്ലാതെ അയാളുമായുള്ള ഫോൺസംഭാഷണം റെക്കോർഡ് ചെയ്യുന്നതും അത് പ്രചരിപ്പിക്കുന്നതും ഇസ്‌ലാം എങ്ങനെ ശരിവെക്കും?**

ഒരു വ്യക്തിയുടെ പുറകെ കൂടുന്നതും അവന്റെ സ്വകാര്യ കാര്യങ്ങൾ ചികഞ്ഞന്വേഷിക്കുന്നതും ഒഴിവാക്കേണ്ട സ്വഭാവത്തിൽ പെടുന്നു. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്..." (ക്വുർആൻ 49:12).

നബി(സ്വ) പറഞ്ഞു: "ഒരാൾ ഒരു വിഭാഗമാളുകൾക്ക് അനിഷ്ടരായിരിക്കെ അവരുടെ സംസാരത്തിലേക്ക് ചെവികൊടുത്താൽ, അവന്റെ ഇരു ചെവികളിലും അന്ത്യനാളിൽ ഉരുകിയ ഈയം ഒഴിക്കപ്പെടുന്നതാണ്" (ബുഖാരി).

ദുരുദ്ദേശ്യങ്ങൾ മനസ്സിൽ കാത്തുസൂക്ഷിക്കുന്നവനായിരിക്കും അന്യരുടെ സംസാരം അനർഹമാ



**ഒരു വിശ്വാസിക്ക് ഒരിക്കലും തന്റെ സഹോദരനെതിരെ ചാരപ്പണിനടത്തുകയോ അവന്റെ തെറ്റുകൾ ചികഞ്ഞന്വേഷിക്കുകയോ ജനങ്ങൾക്കിടയിൽ അവന്റെ കുറവുകളും ന്യൂനതകളും പ്രചരിപ്പിക്കുകയോ ചെയ്യാവുന്നതല്ല. കാരണം, അന്യരുടെ സംസാരം അവരറിയാതെ ചോർത്തിയെടുക്കുന്നതും അവർക്ക് പ്രയാസം വരുത്തും വിധം അത് പറഞ്ഞുനടക്കുന്നതും ഏഷണിയുടെ വകുപ്പിലാണ് പരിഗണിക്കപ്പെടുക. റെക്കോർഡ് ചെയ്യുന്നതും കൈമാറുന്നതും അയാൾ പറഞ്ഞിട്ടുള്ള കാര്യമല്ലേ എന്നത് ആ കൃത്യം ചെയ്യുന്നവന്റെ ദുർന്യായം മാത്രമാണ്. നബി(സ്വ) പറഞ്ഞു: "നീ പറയുന്ന കാര്യം അവനിൽ ഉണ്ടായിരുന്നാൽ നീ അവനെക്കുറിച്ച് 'ഗീബത്ത്' (പരദൂഷണം) പറഞ്ഞു. അത് അവനിൽ ഇല്ലെങ്കിലോ നീ അവനെക്കുറിച്ചു നുണ കെട്ടിപ്പറഞ്ഞു'' (മുസ്‌ലിം).**

യി കേൾക്കാൻ താൽപര്യം പ്രകടിപ്പിക്കുക. അപരന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേർക്കുന്നതെല്ലാം പറഞ്ഞു നടക്കുന്നവനായിരിക്കും അതെല്ലാം പ്രചരിപ്പിക്കാൻ ഉത്സാഹം കാണിക്കുക. ഒരു വിശ്വാസിക്ക് ഒരിക്കലും തന്റെ സഹോദരനെതിരെ ചാരപ്പണിനടത്തുകയോ അവന്റെ തെറ്റുകൾ ചികഞ്ഞന്വേഷിക്കുകയോ ജനങ്ങൾക്കിടയിൽ അവന്റെ കുറവുകളും ന്യൂനതകളും പ്രചരിപ്പിക്കുകയോ ചെയ്യാവുന്നതല്ല. കാരണം, അന്യരുടെ സംസാരം അവരറിയാതെ ചോർത്തിയെടുക്കുന്നതും അവർക്ക് പ്രയാസം വരുത്തും വിധം അത് പറഞ്ഞുനടക്കുന്നതും ഏഷണിയുടെ വകുപ്പിലാണ് പരിഗണിക്കപ്പെടുക. റെക്കോർഡ് ചെയ്യുന്നതും കൈമാറുന്നതും അയാൾ പറഞ്ഞിട്ടുള്ള കാര്യമല്ലേ എന്നത് ആ കൃത്യം ചെയ്യുന്നവന്റെ ദുർന്യായം മാത്രമാണ്.

നബി(സ്വ) പറഞ്ഞു: "നീ പറയുന്ന കാര്യം അവനിൽ ഉണ്ടായിരുന്നാൽ നീ അവനെക്കുറിച്ച് 'ഗീബത്ത്' (പരദൂഷണം) പറഞ്ഞു. അത് അവനിൽ ഇല്ലെങ്കിലോ നീ അവനെക്കുറിച്ചു നുണ കെട്ടിപ്പറഞ്ഞു" (മുസ്‌ലിം).

ഒരിക്കൽ ഉമർ ഇബ്നുഅബ്ദുൽഅസീസ്(റ) തനിക്ക് ദോഷം വരുത്തുന്ന ചില കിംവദന്തികൾ കൈമാറിയ ഒരാളോട് പറഞ്ഞു: "നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നമുക്ക് ഈ കാര്യം പരിശോധിക്കാം. നിങ്ങൾ പറഞ്ഞത് കളവാണെങ്കിൽ, ഈ സൂക്തത്തിൽ പരാമർശിച്ചിരിക്കുന്ന ആളുകളിൽ ഒരാളായിരിക്കുംനിങ്ങൾ: 'ഹേ, വിശ്വസിച്ചവരേ, ദുർമാർഗിയായ ഒരാൾ നിങ്ങളുടെ അടുക്കൽ വല്ല വൃത്താന്തവും കൊണ്ടുവന്നാൽ, നിങ്ങൾ അതിനെപ്പറ്റി അന്വേഷിച്ചു വ്യക്തമായി അറിഞ്ഞുകൊള്ളുവിൻ; അറിയാതെ വിഡ്ഢിത്തത്തിൽ വല്ല ജനങ്ങൾക്കും നിങ്ങൾ ആപത്തുണ്ടാക്കുകയും എന്നിട്ട് നിങ്ങൾ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്തേക്കുമെന്നതിനാൽ' (ഹുജുറാത്ത് 6). ഇനി, നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ, ഈ സൂക്തത്തിൽ പരാമർശിച്ചിരിക്കുന്ന ആളുകളിൽ ഒരാളായിരിക്കും നിങ്ങൾ: 'കുത്തുവാക്ക് പറയുന്നവനും, ഏഷണിയുമായി നടക്കുന്നവനും...' (ഖലം 11). അതല്ല, ഞങ്ങൾ നിങ്ങളോട് ക്ഷമിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ, ഇക്കാര്യം ഞങ്ങൾ ക്ഷമിക്കാം.' അന്നേരം ആ വ്യക്തി പറഞ്ഞു: 'അമീറുൽമുഅ്മിനീൻ, എന്നോട് നിങ്ങൾ ക്ഷമിക്കൂ, ഇനിയൊരിക്കലും ഞാൻ ഇപ്രകാരം ആവർത്തിക്കുകയില്ല" (അബൂഹാമിദുൽ ഗസ്സാലി(റഹി)യുടെ ഇഹ്‌യാ ഉലൂമുദ്ദീൻ 3/156).

നമീമത്തുമായി ബന്ധപ്പെട്ടുകൊണ്ട് പണ്ഡിതന്മാർ ഉദ്ധരിക്കാറുള്ള മറ്റൊരു ചരിത്രസംഭവമാണ് ഭരണാധികാരിയായ സുലൈമാൻ ഇബ്നു അബ്ദുൽമാലിക് തന്നെക്കുറിച്ച് അപവാദം പ്രചരിപ്പിച്ചെന്ന റിഞ്ഞ ഒരാളെ ഇമാം അസ്സുഹ്‌രിയുടെ സാന്നിധ്യത്തിൽ ശാസിച്ചത്. അന്നേരം ആ മനുഷ്യൻ അത് നിഷേധിച്ചു. അപ്പോൾ സുലൈമാൻ ഇബ്നു അബ്ദുൽമാലിക് പറഞ്ഞു: 'എന്നോട് ഈ കാര്യം പറഞ്ഞത് കള്ളം പറയാത്ത ഒരുത്തനാണ്. ആ സന്ദർഭത്തിൽ സുഹ്‌രി പ്രതികരിച്ചത്, 'നമീമത്ത് പ്രചരിപ്പിക്കുന്ന ഒരാൾക്ക് ഒരിക്കലും സത്യസന്ധനാകാൻ കഴിയില്ല' എന്നാണ്. ഇതുകേട്ട സുലൈമാൻ ഇബ്നു അബ്ദുൽമാലിക്, സുഹ്‌രിയുടെ വാക്കുകളെ ശരിവെക്കുകയും ആരോപണവിധേയനായ ആളെ സമാധാനപൂർവം വിട്ടയക്കുകയും ചെയ്തു. (ഇഹ്‌യാ ഉലൂമുദ്ദീൻ 3/156).

ഏതു കാലഘട്ടത്തിലും മുൻഗാമികളുടെ ചരിത്രത്തിൽ നമുക്ക് ഏറെ മാതൃകയുണ്ട്, തീർച്ച. ■





# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ

**സബ് ജഡ്ജി**

സബ് ജഡ്ജി (Sub Judge) ക്രിമിനൽ അധികാരത്തിൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി (Assistant Sessions Judge) എന്ന് അറിയപ്പെടുന്നു. മുൻസിഫ് മജിസ്ട്രേറ്റുമാരെ പ്രൊമോട്ട് ചെയ്താണ് സബ് ജഡ്ജിമാരായി നിയമിക്കുന്നത്.

**മുൻസിഫ് കോടതി**

മുൻസിഫ് കോടതി (Munsif Court) സിവിൽ കേസുകൾ കേൾക്കുന്ന ആദ്യതലത്തിൽപ്പെടുന്ന കോടതിയാണ്. പത്തുലക്ഷം രൂപ വരെ സലയുള്ള സിവിൽ കേസുകൾ വിചാരണ ചെയ്യാൻ മുൻസിഫ് കോടതിക്ക് അധികാരമുണ്ട്. മുൻസിഫ് കോടതിയുടെ വിധിയിന്മേൽ ജില്ലാക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം. മുൻസിഫ് മജിസ്ട്രേറ്റുമാരായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നുമാണ് ഹൈക്കോടതി മുൻസിഫ്മാരെ നിയമിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള അഭിഭാഷകരിൽനിന്നും, സർവീസിലുള്ളവരിൽ ഒന്നും രണ്ടും ഗ്രേഡ് എ.പി.പി.മാർ, ഹൈക്കോടതി അസിസ്റ്റന്റ് രജിസ്ട്രാർമാർ, അസി. രജിസ്ട്രാർ റാങ്കിൽ താഴെയല്ലാത്ത ശമ്പള പറ്റുന്ന നർദിഷ്ട വിഭാഗങ്ങളിൽപെടുന്ന ഉദ്യോഗസ്ഥർ എന്നിവരിൽനിന്നും ഹൈക്കോടതി നടത്തുന്ന എഴുത്തുപരീക്ഷയിലും വാചാപരീക്ഷയിലും യോഗ്യത നേടുന്നവരെയായിരിക്കും മുൻസിഫ് ജഡ്ജിമാരായി തെരഞ്ഞെടുക്കുക. ഡിസ്ട്രിക്റ്റ് കോടതികളും സബ്കോടതികളും മുൻസിഫ് കോടതികളുമുള്ള സ്ഥലങ്ങളിൽ അഡീഷണൽ ഡിസ്ട്രിക്ട് കോടതികളും അഡീഷണൽ സബ് കോടതികളും അഡീഷണൽ മുൻസിഫ് കോടതികളും ആകാവുന്നതാണ്.

**ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി**

ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി (Judicial Magistrate Court) കൾ കേസുകൾ വിചാരണചെയ്യുന്ന കോടതികളാണ്. വിചാരണാധികാരത്തിന്റെ അവരോഹണക്രമത്തിൽ പ്രസ്തുത കോടതികൾ താഴെ പറയുന്നവയാണ്:

ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി: ഏഴു വർഷംവരെ തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകൾ വിചാരണചെയ്യുന്നതിനുള്ള അധികാരം ഈ കോടതിക്കുണ്ട്. പിഴസംഖ്യയുടെ കാര്യത്തിൽ പരിധി നിശ്ചയിച്ചിട്ടില്ല. ഓരോ ജില്ലയിലും ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റുമാരിൽനിന്നുമായിരിക്കും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ നിയമനം നടത്തുക. ജില്ലയിലെ എല്ലാ ജുഡീഷ്യൽ മജിസ്ട്രേറ്റുമാരും ചീഫ് ജുഡീഷ്യൽ മജിസട്രേറ്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി: മൂന്നു വർഷംവരെ തടവും അയ്യായിരം രൂപവരെ പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകൾ ഈ കോടതിക്ക് വിചാരണചെയ്യാവുന്നതാണ്. മുൻസിഫ് മജിസ്ട്രേറ്റുമാരായി തെരഞ്ഞെടുക്കപ്പെട്ടവരിൽനിന്നുമാണ് ഹൈക്കോടതി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റുമാരെ നിയമിക്കുന്നത്.

**മെട്രോപ്പൊളിറ്റൻ മജിസ്ട്രേറ്റ് കോടതി:**

ജില്ലകളിലെ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾക്ക് സമാനമായി, രാജ്യത്തെ മെട്രോപ്പൊളിറ്റൻ നഗരങ്ങളിലുള്ള ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണിത്. ഈ കോടതികളുടെ അധികാരപരിധി അതത് മെട്രോപ്പൊളിറ്റൻ നഗരപ്രദേശങ്ങളിൽ മാത്രമായിരിക്കും. ഹൈക്കോടതിയായിരിക്കും മെട്രോപ്പൊളിറ്റൻ മജിസ്ട്രേറ്റുമാരുടെയും ചീഫ് മെട്രോപ്പൊളിറ്റൻ രജിസ്ട്രേറ്റിന്റെയും നിയമനം നടത്തുക.

*(തുടരും)*



# പ്രഭാഷകന്റെ പാഥേയം

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299

പ്രസംഗം ഒരു കലയാണ്. ചിലർക്കത് ജന്മനാൽ കിട്ടുന്ന കഴിവാണ്. അങ്ങനെ വളർന്നുവരുമ്പോൾ നന്നായി പ്രസംഗിക്കാൻ കഴിവുള്ളവർ മനുഷ്യരുടെ കൂട്ടത്തിലുണ്ടാവും. എന്നാൽ നന്നായി പ്രസംഗിക്കാനാഗ്രഹിച്ച്, അതിനുവേണ്ടി നിരന്തരം പരിശ്രമിച്ചും പരിശീലനം നടത്തിയും നല്ല പ്രഭാഷകരാകുന്നവരുമുണ്ട്.

സോഷ്യൽ മീഡിയ അടക്കിവാഴുന്ന വർത്തമാനകാലത്ത് തന്റെ ഒരു ചെറുപ്രസംഗമെങ്കിലും അതിലൂടെ പങ്കുവെക്കാത്തവർ വളരെ വിരളമാണ്. ആർക്കും ആരുടെയും പ്രസംഗം കേൾക്കാൻ പാകത്തിൽ ഇന്ന് യൂട്യൂബിന്റെ സെർച്ച് എൻഞ്ചിനിൽ സംവിധാനമുണ്ട്. സരസമായി പ്രസംഗിക്കുന്നവരും, തീപ്പൊരിപ്രസംഗം നടത്തുന്നവരും, ആത്മീയ പ്രഭാഷകരും, കഴമ്പില്ലെങ്കിലും വാചാലമായി സംസാരിക്കുന്നവരുമൊക്കെയായി ഒട്ടേറെ പ്രസംഗകർ നാട്ടിലുണ്ട്.

പ്രസംഗിക്കാനാഗ്രഹിക്കുന്ന ഏതൊരുവന്റെ മനസ്സിലുമുള്ള ആഗ്രഹമായിരിക്കും ഒരു നല്ല പ്രസംഗകനാകണം എന്നത്. അതിന് എന്തൊക്കെയാണ് വേണ്ടത്? അതിനുതകുന്ന ഏതാനും ചില കാര്യങ്ങളാണ് ഇവിടെ പങ്കുവെക്കുന്നത്.

**1. അറിവ്**

ഒരു പ്രഭാഷകന് അനിവാര്യമായും ഉണ്ടാകേണ്ട ഒന്നാണ് താൻ പ്രസംഗിക്കുന്ന വിഷയത്തെ സംബന്ധിച്ച് ഗഹനമായ അറിവുണ്ടായിരിക്കുക എന്നത്. അറിവില്ലാത്ത കാര്യങ്ങളെ കുറിച്ച് സംസാരിക്കാൻ പാടില്ല. തന്നെ കേൾക്കുന്ന ശ്രോതാക്കളിൽ താൻ പ്രസംഗിക്കുന്ന വിഷയത്തെ സംബന്ധിച്ച ഉത്തമ ബോധമുള്ളവരുണ്ടെങ്കിൽ അജ്ഞത നിറഞ്ഞ ആ പ്രസംഗത്തെ എങ്ങനെയായിരിക്കും അവർ വിലയിരുത്തുക? പിന്നീട് അത്തരം പ്രഭാഷകർക്ക് പ്രസംഗിക്കാനുള്ള അവസരം നഷ്ടപ്പെടാനും അത് കാരണമാകും. വായിൽ തോന്നിയതെല്ലാം വിളിച്ചുപറയുന്നതാവരുത് പ്രസംഗം. മറിച്ച് പ്രസംഗിക്കുന്ന വിഷയത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ടായിരിക്കണം പ്രസംഗിക്കേണ്ടത്. ഒരു വിഷയത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ അതിന്റെ നാനാവശങ്ങളും മനസ്സിലാക്കണം. ആ വിഷയത്തിൽ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടാൽ അതിന് മറുപടി പറയാൻ പ്രാപ്തനാകും വിധം അതിനെക്കുറിച്ച് അറിവുണ്ടായിരിക്കണം. തന്റെ വിവരമില്ലായ്മ മുഴുവൻ കേൾക്കാനും അംഗീകരിക്കാനും ഇവിടെ ശ്രോതാക്കളുണ്ടെന്ന ചിന്ത വിവരമില്ലായ്മയെ അലങ്കാരമായി കൊണ്ടുനടക്കുന്നവരിലേ ഉണ്ടാകൂ. തന്റെ മുമ്പിലുള്ളവരും തന്നെ കേൾക്കുന്നവരുമായവരിൽ പലരും തന്നെക്കാൾ അറിവുള്ളവരായിരിക്കുമെന്ന ഉത്തമ ബോധ്യവും ബോധവും ഒരു പ്രസംഗകനുണ്ടാകണം.

**2. വായന, പഠനം**

പ്രസംഗിച്ചുകൊണ്ടിരിക്കുന്നവരും പ്രസംഗിക്കാനാഗ്രഹിക്കുന്നവരും പ്രസംഗം പരിശീലിക്കുന്നവരും ഒരുപോലെ നിർവഹിക്കേണ്ടതാണ് നിരന്തരം വായിക്കുക, പഠിക്കുക എന്നുള്ളത്. അന്തിമ പ്രവാചകനിലൂടെ അവതരിക്കപ്പെട്ട അന്തിമ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. അതിന്റെ അവതരണം

തന്നെ വായനയുടെയും പഠനത്തിന്റെയും പ്രാധാന്യം അറിയിച്ചുകൊണ്ടുള്ളതാണ്.

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് ഏറ്റവുംവലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (96:1-5).

വിശുദ്ധ ക്വുർആനിൽ ആദ്യമായി അവതരിച്ച സൂക്തങ്ങളിൽ മനുഷ്യരോടുള്ള അല്ലാഹുവിന്റെ കൽപന സൃഷ്ടിച്ചവനായ രക്ഷിതാവിന്റെ നാമത്തിൽ വായിക്കാനാണ് എന്നത് എഴുത്തിനും വായനക്കും മതം നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മതപഠനം എന്നത് നിർബന്ധമാണ്.

അനസ് ഇബ്നു മാലിക്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "അറിവ് നേടൽ ഓരോ മുസ്‌ലിമിനും നിർബന്ധമാകുന്നു..." (ഇബ്നുമാജ).

അല്ലാഹുവിന്റെ മതത്തെക്കുറിച്ച് പഠിക്കുന്നതിനും അറിവ് അന്വേഷിച്ച് ഒരു വഴിയിൽ പ്രവേശിക്കുന്നതിനുമെല്ലാം വമ്പിച്ച പ്രതിഫലമാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "...ആരെങ്കിലും അറിവ് അന്വേഷിച്ച് ഒരു വഴിയിൽ പ്രവേശിച്ചാൽ അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും..." (മുസ്‌ലിം).

കസീറുബ്നു കൈ്സ് (റ) പറയുന്നു: "ഞാൻ ദിമശ്ക്വിലെ ഒരു പള്ളിയിൽ അബുദ്ദർദാഇ(റ)ന്റെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്നുകൊണ്ട് പറയുകയുണ്ടായി: 'അബുദ്ദർദാഅ്, പ്രവാചകൻ (സ്വ) പറയുന്നതായി ഞാൻ കേട്ടു: ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് ഒരു മാർഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു അതുകൊണ്ട് അവനെ സ്വർഗത്തിന്റെ മാർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. വിജ്ഞാനം അന്വേഷിക്കുന്നവനോടുള്ള തൃപ്തിയാൽ മലക്കുകൾ അവരുടെ ചിറകുകൾ താഴ്ത്തിക്കൊടുക്കുന്നതാണ്. പണ്ഡിതന് വേണ്ടി ആകാശഭൂമികളിലുള്ളവരും വെള്ളത്തിനടിയിലുള്ള മത്സ്യങ്ങൾവരെയും പാപമോചനം തേടുന്നതാണ്. ആരാധനയിൽ മുഴുകിയിരിക്കുന്നവനെക്കാൾ പണ്ഡിതനുള്ള സ്ഥാനം നക്ഷത്രത്തെക്കാൾ പൂർണ ചന്ദ്രനുള്ള പ്രത്യേകത പോലെയാണ്. പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാർ ദീനാറുകളോ ദിർഹമുകളോ അനന്തരമെടുക്കുകയില്ല. അവർ വിജ്ഞാനമാണ് അനന്തിരമെടുക്കുക. ആരാണോ അത് സ്വീകരിക്കുന്നത് അവന്റെ അവകാശം അവൻ പരിപൂർണമായി നേടിയിരിക്കുന്നു" (അബൂദാവൂദ്).

അല്ലാഹുവിന്റെ ദീൻ പഠിക്കുകയും പകർന്നു നൽകുകയും ചെയ്യുന്നവർക്കുള്ള മഹത്ത്വവും ശ്രേഷ്ഠതയുമാണ് മുകളിൽ കൊടുത്ത ഹദീസുകളിൽനിന്നും വ്യക്തമാവുന്നത്. അതിനാൽതന്നെ ഒരു പ്രസംഗകൻ നിരന്തരം വായിക്കുകയും പഠിക്കുകയും ചെയ്യുന്നവനായിരിക്കണം.

അല്ലാഹു പറയുന്നു: "...പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

ഒരു പ്രസംഗകൻ ഏതു വിഷയത്തിലായിരുന്നാലും കിട്ടാവുന്ന ഗ്രന്ഥങ്ങൾ വായിക്കണം. തന്റെ പക്കൽ ഇല്ലാത്ത പുസ്തകം തേടിപ്പിടിക്കണം. അതിനായി ലൈബ്രറികളെ അവലംബിക്കണം. അങ്ങനെ അറിവിന്റെ നിറകുടമായി മാറണം. ഒരു പ്രസംഗം കേട്ടു കഴിഞ്ഞാൽ അത് ഉപകാരപ്പെട്ടു എന്ന് ജനങ്ങൾക്ക് തോന്നണം. പ്രസംഗത്തിൽ പ്രയോഗിക്കുന്ന ഉദ്ധരണികളും മറ്റും സത്യസന്ധമായിരിക്കണം. പ്രമാണ ബദ്ധമായിരിക്കണം. ആളുകളുടെ കൈയടി നേടിയാൽ അത് നല്ല പ്രസംഗം ആയിരിക്കണമെന്നില്ല; മറിച്ച് ജനങ്ങളുടെ ഹൃദയങ്ങളിൽ പരിവർത്തനമുണ്ടാക്കിയാൽ അതാണ് നല്ല പ്രസംഗം. അതിന് സാധിക്കണമെങ്കിൽ പ്രഭാഷകൻ പഠനം നടത്തൽ അനിവാര്യമാണ്. പുസ്തകവായന മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും തെളിച്ചമുള്ളതാക്കിത്തീർക്കുന്നു. വായനയിലൂടെ നാം അറിവ് നേടുമ്പോൾ മനസ്സിന്റെ വേലിക്കെട്ടുകൾ ഓരോന്നായി അഴിയുന്നു. അത്യന്തം ബൃഹത്തും വൈവിധ്യപൂർണവുമായ ഈ ലോക ത്തിന്റെ വിശാലത ഉൾക്കൊള്ളാൻ പാകത്തിൽ നമ്മുടെ ഹൃദയവും വിശാലമാകുന്നത് നമുക്ക് അനുഭവിക്കാനാകും. ഗുരുക്കന്മാരെപ്പോലെ അറിവ് പകർന്നു നൽകുന്ന നിധിശേഖരങ്ങളാണ് ഗ്രന്ഥങ്ങൾ അഥവാ പുസ്തകങ്ങൾ. മാനവരാശിയുടെ എക്കാലത്തെയും വളർച്ചയിലെയും ഉയർച്ചയി

**ഒരു പ്രഭാഷകന് അനിവാര്യമായും ഉണ്ടാകേണ്ട ഒന്നാണ് താൻ പ്രസംഗിക്കുന്ന വിഷയത്തെ സംബന്ധിച്ച് ഗഹനമായ അറിവുണ്ടായിരിക്കുക എന്നത്. അറിവില്ലാത്ത കാര്യങ്ങളെ കുറിച്ച് സംസാരിക്കാൻ പാടില്ല. പ്രസംഗിച്ചുകൊണ്ടിരിക്കുന്നവരും പ്രസംഗിക്കാനാഗ്രഹിക്കുന്നവരും പ്രസംഗം പരിശീലിക്കുന്നവരും ഒരുപോലെ നിർവഹിക്കേണ്ടതാണ് നിരന്തരം വായിക്കുക, പഠിക്കുക എന്നുള്ളത്. അന്തിമ പ്രവാചകനിലൂടെ അവതരിക്കപ്പെട്ട അന്തിമ വേദ ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. അതിന്റെ അവതരണം തന്നെ വായനയുടെയും പഠനത്തിന്റെയും പ്രാധാന്യം അറിയിച്ചു കൊണ്ടുള്ളതാണ്.**

ലെയും നന്മനിറഞ്ഞ സാന്നിധ്യമാണ് വായന.

**വായനയുടെ പ്രയോജനങ്ങൾ**

വായന ജീവിതത്തോടുള്ള അഗാധമായ പരിചയം ഉണ്ടാക്കുന്നു. മഹാത്മാക്കൾ മനുഷ്യജീവിത ത്തിന്റെ വിവിധ തലങ്ങൾ രേഖപ്പെടുത്തിവച്ചത് വായിക്കുമ്പോൾ സാമൂഹിക ജീവിതത്തെ കൂടുതലറിയാൻ കാരണമാകുന്നു. ചുറ്റുവട്ടത്തെ തിരിച്ചറിയാൻ സഹായിക്കുന്നു.

സ്വന്തം ജീവിതത്തിന് കൂടുതൽ സ്പഷ്ടത കൈവരിക്കാനാവുന്നു. അവനവനെക്കുറിച്ചും മറ്റുള്ളവ രെക്കുറിച്ചും കൂടുതലറിയുന്നതിലൂടെ ലോകത്തെ ആഴത്തിൽ മനസ്സിലാക്കുന്നു.

ആശയ വിനിമയത്തിന് കൂടുതൽ പരിശീലനം നേടാനാവുന്നു. ആശയപരമായ സ്പഷ്ടത മറ്റുള്ളവർക്ക് കൈമാറാൻ കഴിയുന്നു. സങ്കീർണമായ ഇന്ദ്രിയാനുഭവങ്ങൾ പോലും മറ്റുള്ളവരോട് പങ്കുവയ്ക്കാൻ വായന പരിശീലനമായി മാറുന്നു.

ഭാവനാതലങ്ങളിൽ പുതിയ ഉണർച്ചയുണ്ടാക്കുന്നതിൽ വായനയ്ക്ക് എമ്പാടും പങ്കുണ്ട്. സാഹിത്യരച നകൾ ഒരാളിൽ ഭാവനയും സൗന്ദര്യചിന്തയും വളർത്തുന്നുണ്ട്. സഹൃദയത്വത്തിന്റെ വികാസം വായന സാധ്യമാക്കുന്നു. ചിലർക്കെങ്കിലും സർഗാത്മക രചനയ്ക്ക് പ്രചോദനമായിത്തീരുന്നു.

വായന ഒരാളിന്റെ സംവേദന തൽപരത കൂട്ടുന്നു. സങ്കീർണവും ധ്യാനാത്മകവുമായ കാര്യങ്ങളുടെ ആഴങ്ങൾ അറിയാനും അപഗ്രഥനശേഷി കൂട്ടാനും വായന സഹായിക്കുന്നു. ആശയങ്ങളുടെ നിർമാണം വായനയിലൂടെ സാധ്യമാകുന്നത് അതുകൊണ്ടാണ്.

വായന വിവരശേഖരണത്തിനുള്ള പ്രധാന മാർഗമാണ്. പോയ കാലത്ത് പല ദേശങ്ങളിലുണ്ടായ കണ്ടെത്തലുകളും പലരും സംഭാവന ചെയ്ത ആശയങ്ങളും അറിയാനുള്ള പ്രധാന മാർഗമാണ് വായന. അതുകൊണ്ട് തന്നെ വായന വ്യക്തിയുടെ അറിവിന്റെ ആഴങ്ങളറിയിക്കുന്നു.

ദിവസവും വായന ശീലമാക്കുന്നത് വഴി പല ആരോഗ്യ പ്രശ്നങ്ങളെയും നേരിടാൻ സാധിക്കുന്നു. വായനാശീലം മൂലം ആരോഗ്യത്തിനുണ്ടാകുന്ന അഞ്ച് ഗുണങ്ങൾ ഇതാണ്:

**1) തലച്ചോറിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തും:**

തലച്ചോറിന്റെ പ്രവർത്തങ്ങളെ മെച്ചപ്പെടുത്താൻ വായന സഹായിക്കുന്നു. 2013ൽ നടത്തിയ പഠനത്തിൽ നോവൽ പോലുള്ളവ വായിക്കുന്നത് തലച്ചോറിന്റെ ഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയം വർധിപ്പിക്കുന്നതായി കണ്ടെത്തിയിരുന്നു. ദിവസേനയുള്ള വായന തലച്ചോറിലെ ന്യൂറോൺ രൂപീകരണത്തിന് സഹായിക്കുന്നതായി ന്യൂയോർക്കിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ സബ്രീന റൊമാനോഫ് പറയുന്നു. ചിന്തിക്കാൻ വകനൽകുന്ന വായനകൾ പുതിയ ന്യൂറോണുകൾ സൃഷ്ടിക്കുകയും തലച്ചോറിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യും.

> **ആളുകളുടെ കൈയടി നേടിയാൽ അത് നല്ല പ്രസംഗം ആയിരിക്കണമെന്നില്ല; മറിച്ച് ജനങ്ങളുടെ ഹൃദയങ്ങളിൽ പരിവർത്തനമുണ്ടാക്കിയാൽ അതാണ് നല്ല പ്രസംഗം. അതിന് സാധിക്കണമെങ്കിൽ പ്രഭാഷകൻ പഠനം നടത്തൽ അനിവാര്യമാണ്. പുസ്തകവായന മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും തെളിച്ചമുള്ളതാക്കിത്തീർക്കുന്നു. വായനയിലൂടെ നാം അറിവ് നേടുമ്പോൾ മനസ്സിന്റെ വേലിക്കെട്ടുകൾ ഓരോന്നായി അഴിയുന്നു. അത്യന്തം ബൃഹത്തും വൈവിധ്യപൂർണവുമായ ഈ ലോക ത്തിന്റെ വിശാലത ഉൾക്കൊള്ളാൻ പാകത്തിൽ നമ്മുടെ ഹൃദയവും വിശാലമാകുന്നത് നമുക്ക് അനു ഭവിക്കാനാകും.**

**2) പ്രായം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ മറികടക്കാം:**

പ്രായം കൂടുമ്പോൾ മറവിപോലുള്ള പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. പുതിയ കാര്യങ്ങൾ മനസിലാക്കാനോ, കാര്യങ്ങൾ ഓർത്തെടുക്കാനോ, സ്വയം തീരുമാനമെടുക്കാനോ കഴിയാതെ വരാറുണ്ട്. എന്നാൽ വായനാശീലത്തിലൂടെ ഒരു പരിധിവരെ ഇത് മറികടക്കാൻ സാധിക്കും. 2020ൽ പ്രസിദ്ധീകരിച്ച ഒരു പഠ നത്തിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും വായന ശീലമാക്കിയിട്ടുള്ളവർക്ക് വായനാശീലമില്ലാത്തവരെക്കാൾ ഇത്തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കുറവുള്ളതായി കണ്ടെത്തി. വായന ശീലമാക്കിയവരിൽ ഡിമെ ൻഷ്യ പോലുള്ള രോഗം കുറവാണെന്നും ചൈനയിൽ നടത്തിയ മറ്റൊരു പഠനത്തിൽ തെളിഞ്ഞിരുന്നു.

**3) സമ്മർദം കുറയ്ക്കും**

വായനാശീലം സമ്മർദം കുറയ്ക്കുമെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. കേവലം അരമണിക്കൂർ വായിക്കുന്നത് പോലും സമ്മർദം കുറയ്ക്കുമെന്നു ഗവേഷകർ പറയുന്നു. 2009ൽ കോളേജ് വിദ്യാഥികൾക്കിടയിൽ നടത്തിയ പഠനത്തിൽ 30 മിനിറ്റ് വാർത്താലേഖനങ്ങൾ വായിക്കുന്നവരിൽ സമ്മർദം കുറവുള്ളതായി കണ്ടെത്തിയിരുന്നു. എന്നാൽ എല്ലാവർക്കും വാർത്താലേഖനങ്ങൾ വായിക്കുന്നത് സമ്മർദം കുറയ്ക്ക ണമെന്നില്ല. ഇതിനുപകരം നോവലോ ചെറുകഥയോ വായിക്കാവുന്നതാണ്.

**4) കൂടുതൽ കാലം ജീവിക്കാൻ സഹായിക്കുന്നു**

വായന കൂടുതൽ കാലം ജീവിക്കാൻ സഹായിച്ചേക്കാമെന്നു പറയുന്നതിലെ പൊരുൾ ചരിത്രത്തിന്റെ കൂടെയും വർത്തമാനത്തിന്റെ കൂടെയും ഭാവിയെ കുറിച്ചും വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യായുസ്സിൽ വിവരംകൊണ്ട് പ്രായത്തെ മറികടക്കുന്നു എന്നതാണ്.

**5) ഓർമയും ഏകാഗ്രതയും മെച്ചപ്പെടുത്തും:**

ദിവസേനയുള്ള വായന ഓർമയും ഏകാഗ്രതയും മെച്ചപ്പെടുത്തും. വായിക്കുമ്പോൾ അത് തലച്ചോറിൽ പതിയുകയും ഏകാഗ്രത വർധിപ്പിക്കുകയും ചെയ്യും.

**3. അറിവന്വേഷിക്കലും പണ്ഡിതന്മാരെ സമീപിക്കലും**

പ്രസംഗിക്കുന്നവരിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും നല്ല ഗുണങ്ങളിൽ ഒന്നാണ് അറിവന്വേഷിക്കലും പണ്ഡിതന്മാരെ അതിനായി സമീപിക്കലും സംശയം ദൂരീകരിക്കലും. എനിക്കെല്ലാം അറിയാം, ഞാൻ നല്ല അറിവുള്ളവനാണ്, എന്റെ അറിവുതന്നെ മതി ആരുടെ മുമ്പിലും പിടിച്ചു നിൽക്കാൻ, ഞാൻ എന്തിന് മറ്റുള്ളവരുടെ അടുത്തേക്ക് അറിവന്വേഷിച്ച് പോകണം എന്നിത്യാദി ചിന്ത അഹങ്കാരത്തിന്റെതാണ്. അതാകട്ടെ അജ്ഞതയിലേക്ക് നയിക്കുകയും ചെയ്യും. നമ്മുടെ മുൻഗാമികൾ ഇങ്ങനെ ചിന്തിച്ചിരുന്നുവെങ്കിൽ ഇന്ന് നാം വിവരമില്ലാത്തവരായിത്തീരുമായിരുന്നു. സച്ചരിതരായ പൂർവിക പണ്ഡിതന്മാർ അവരുടെ ഗുരുനാഥന്മാരുടെ മുമ്പിൽ ചടഞ്ഞിരിക്കാൻ തയ്യാറുള്ളവരായിരുന്നു. അതിനുവേണ്ടി ദാഹവും വിശപ്പും സഹിച്ച് ഏറെ ദൂരം സഞ്ചരിച്ചിരുന്നവരായിരുന്നു. അതിന്റെ ഫലങ്ങൾ നാമിന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നു.

മഹാനായ അബൂഹുറയ്‌റ(റ) ഹദീസ് അന്വേഷിച്ചുള്ള യാത്രയ്ക്കിടയിൽ ഭക്ഷണവും വെള്ളവും ലഭിക്കാതെ ബോധരഹിതനായി വീണിരുന്നതായി ചരിത്രം പറയുന്നു. അത്രമേൽ ഹദീസ് പഠനത്തിന് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നു. ഏറ്റവും കൂടുതൽ ഹദീസ് റിപ്പോർട്ട് ചെയ്ത ഒരാളാണ് അബൂഹുറയ്‌റ(റ).

ഇമാം ബുഖാരി(റഹി) ഹദീസുകൾ ശേഖരിക്കുന്നതിന് വേണ്ടി ആയിരക്കണക്കിന് കിലോമീറ്ററുകൾ സഞ്ചരിച്ച വ്യക്തിയാണ്. വളരെയേറെ ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചാണ് അദ്ദേഹം തന്റെ ചുരുങ്ങിയ ആയുസ്സിനുള്ളിൽ സ്വഹീഹുൽ ബുഖാരി എന്ന ഗ്രന്ഥം രചിച്ചത്. ഇസ്‌ലാമിൽ പ്രമാണങ്ങൾ സ്വീകരിക്കുന്നേടത്ത് സ്വഹീഹുൽ ബുഖാരി കഴിഞ്ഞേ മറ്റു സ്വഹീഹുകൾക്കും സുനനുകൾക്കും ഹദീസ് ഗ്രന്ഥങ്ങൾക്കും സ്ഥാനമുള്ളൂ. അത്രമാത്രം ഉയർച്ച അല്ലാഹു അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ പരിശ്രമത്തിന് നൽകി.

**കേവലം ഒന്നോ രണ്ടോ വർഷം പഠിച്ചതുകൊണ്ടോ, വിരലിലെണ്ണാവുന്ന പുസ്തകങ്ങൾ വായിച്ചതുകൊണ്ടോ മാത്രം ഒരാൾ പണ്ഡിതനായിക്കൊള്ളണമെന്നില്ല. വർഷങ്ങളോളം പഠിക്കുകയും നിരന്തരമായി വായിക്കുകയും ചെയ്താൽ മാത്രമെ മികച്ച അറിവ് സ്വായത്തമാക്കാൻ കഴിയൂ. അറിവുണ്ടെങ്കിലേ പ്രസംഗ രംഗത്ത് മികച്ചുനിൽക്കാൻ കഴിയുകയുള്ളൂ.**

അല്ലാഹു പറയുന്നു: "...നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയു ന്നവനാകുന്നു" (58:11).

അന്യഭാഷയിലുള്ള ഗ്രന്ഥങ്ങൾ സ്വയം വായിച്ച് പഠിക്കുമ്പോൾ പലപ്പോഴും മനസ്സിലാകാത്തതോ അവ്യക്തതയുള്ളതോ ആയ കാര്യങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. അതിലുള്ള സംശയം തീർക്കാതെ തോന്നിയപോലെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയാൽ അത് അബദ്ധമായി ഭവിക്കും.

പണ്ഡിതന്മാരുടെ കൂടെയുള്ള ഇരുത്തവും പഠനവും സംശയ ദൂരീകരണവും നമ്മിലെ അറിവിനെയും കാഴ്ചപ്പാടിനെയും വളർത്താനാണ് ഉപകരിക്കുക. വിവരമില്ലാതെ സുദീർഘമായി പ്രസംഗിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് വളരെ കുറച്ചാണെങ്കിലും അർഥഗാംഭീര്യമുള്ളതും ആഴത്തിലുള്ള അറിവ് നൽകുന്നതുമായ പ്രസംഗങ്ങൾ.

ഒരിക്കൽ അബൂബക്കർ അഹ്മദ് ഇബ്നു അലിയ്യ് ഇബ്നു സാബിത്ത് അൽബഗ്ദാദി അറിവന്വേഷിച്ചുകൊണ്ട് ഒരു പണ്ഡിതന്റെ സദസ്സിൽ പോയി ഇരുന്നു. പഠനത്തിലെ മടുപ്പു കാരണം അദ്ദേഹം അവിടെനിന്നും എഴുന്നേറ്റ് പോകുകയുണ്ടായി. വരുന്ന വഴിയിൽ അദ്ദേഹം ഒരു പാറയുടെ മുകളിൽനിന്നും വെള്ളത്തുള്ളികൾ ഉറ്റിയുറ്റി താഴെയുള്ള ഒരു ഇരുണ്ട പാറയിലേക്ക് വീഴുന്നത് കാണാനിടയായി. അദ്ദേഹം അത് ശ്രദ്ധിച്ചു. അപ്പോൾ താഴെയുള്ള പാറയിൽ വെള്ളത്തുള്ളികൾ വീണുകൊണ്ടിരിക്കുന്ന ഭാഗത്ത് മിനുസവും നിറം മാറ്റവും കണ്ടു. അത് അദ്ദേഹത്തെ ചിന്തിപ്പിച്ചു. അദ്ദേഹം ഒരു യാഥാർഥ്യം മനസ്സിലാക്കി. 'കേവലം ഒന്നോ രണ്ടോ തുള്ളികൾകൊണ്ട് പാറയെ മിനുസപ്പെടുത്താനും നിറംമാറ്റാനും കഴിയുകയില്ല.' അദ്ദേഹം തിരിച്ച് പണ്ഡിതന്റെ അടുത്തേക്ക് നടന്നു. സദസ്സിലിരുന്നു. പഠനം തുടർന്നു. പിന്നീട് അദ്ദേഹം അറിയപ്പെട്ട പണ്ഡിതനായിത്തീർന്നു. അദ്ദേഹമാണ് ഖത്വീബുൽ ബാഗ്ദാദി. ഈ സംഭവത്തിന്റെ യാഥാർഥ്യം എന്താണെങ്കിലും അത് നമ്മുടെ ചിന്തയെ പരിപോഷിപ്പിക്കുമെന്നതിനാലാണ് ഇവിടെ ഉദ്ധരിച്ചത്.

കേവലം ഒന്നോ രണ്ടോ വർഷം പഠിച്ചതുകൊണ്ടോ, വിരലിലെണ്ണാവുന്ന പുസ്തകങ്ങൾ വായിച്ചതുകൊണ്ടോ മാത്രം ഒരാൾ പണ്ഡിതനായിക്കൊള്ളണമെന്നില്ല. വർഷങ്ങളോളം പഠിക്കുകയും നിരന്തരമായി വായിക്കുകയും ചെയ്താൽ മാത്രമെ മികച്ച അറിവ് സ്വായത്തമാക്കാൻ കഴിയൂ. അറിവുണ്ടെങ്കിലേ പ്രസംഗ രംഗത്ത് മികച്ചുനിൽക്കാൻ കഴിയുകയുള്ളൂ.

***(അവസാനിച്ചില്ല)***



# എന്തു ചെയ്യാൻ!

സുലൈമാൻ പെരുമുക്ക്

കരയുന്ന കുഞ്ഞിനേ
പാലുള്ളൂവെന്ന്
പറയുന്നതു കേട്ടാണ്
കരയാൻ തുടങ്ങിയത്.
പക്ഷേ, ഈ കരച്ചിൽ
കള്ളക്കരച്ചിലാണെന്നു
പറഞ്ഞപ്പോൾ സങ്കടമായി!
കുട്ടികളായാൽ
കളിയും ചിരിയും
അലങ്കാരമാണെന്നു
പറയുന്നതു കേട്ടാണ്
കളിയും ചിരിയും
പതിവാക്കിയത്.
പക്ഷേ, ഇതൊരു
'കുരുത്തംകെട്ട കുട്ടി'യെന്നു
പറഞ്ഞു ശപിച്ചപ്പോൾ
ഹൃദയം നുറുങ്ങി.
എല്ലുമുറിയെ
പണിയെടുത്താൽ
പല്ലുമുറിയെ തിന്നാമെന്നത്
തിരക്കിനിടയിൽ
ഒന്നു തലതിരിച്ചു
വായിച്ചതിനാണ്
തീറ്റപ്പണ്ടാരമെന്നു വിളിച്ചത്!
ജീവിതപങ്കാളി
തുല്യതയെക്കാൾ
പരിഗണനയർഹിക്കുന്നുവെന്ന്
ഉരിയാടിയപ്പോഴാണ്
പെൺകോന്തനെന്നു
പെൺപിറപ്പുകൾ പോലും
പറഞ്ഞു ചിരിച്ചത്!
ജന്മം നൽകിയോരെ
ജീവനെക്കാൾ
സ്നേഹിക്കണമെന്ന പാഠം
ജീവിതംകൊണ്ട്
എഴുതുമ്പോൾ
എന്നോട് സ്നേഹം
കുറഞ്ഞെന്ന
അവളുടെ വാക്കുകൾ
നെഞ്ചിൽ
വലിയ തേങ്ങലായി
ഓളം വെട്ടി.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 AUGUST 06

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

# നന്മയുടെ ദൂതൻ

# MEGA QUIZ!

രണ്ടാം റൗണ്ട് AUG 8 ന് ആരംഭിക്കുന്നു

മെഗാ ക്വിസ് വിജയികൾക്ക്




9446 40 40 97

wisdomyouth

peaceradio

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ